പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 151 26.02.2009 ൽ മറുപടിക്ക്

## വാർഷിക പദ്ധതികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി പത്രം

**ചോദ്യം**

ശ്രീ.കെ.ബാബു
പ്രൊഫ.കെ.വി.തോമസ്
ശ്രീ.കെ.ശിവദാസൻ നായർ

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | |
|---|---|
| എ. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന തുക ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി പത്രം ആവശ്യമാണോ; | മുൻകാലങ്ങളിൽ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന തുടർ പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള വിഹിതം ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. 3 കോടി രൂപവരെ അടങ്കലുള്ള പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. ഇത് ബന്ധപ്പെട്ട വകുപ്പുതല വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്. എന്നാൽ 3 കോടിയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികളുടെ ഭരണാനുമതിക്ക് നിലവിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്പെഷൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിപത്രം ആവശ്യമില്ല. |
| ബി. എങ്കിൽ ഓരോ വാർഷിക പദ്ധതിയുടെയും ഓരോ ക്വാർട്ടറിലേയും ചെലവു നടത്തുന്നതു സംബന്ധിച്ച അനുമതി പത്രം ലഭിക്കുന്നത് സാധാരണയായി ഏതു തീയതിയ്ക്കാണ്; | വാർഷിക പദ്ധതിയുടെ ഓരോ ക്വാർട്ടറിലേയും ചെലവ് നടത്തുന്നതിന് പ്രത്യേകം പ്രത്യേകം അനുമതിപത്രം ലഭിക്കേണ്ട ആവശ്യമില്ല. ഭരണാനുമതിയുള്ള പദ്ധതികൾക്ക് ആവശ്യാനുസരണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക തടസ്സമില്ലാതെ ലഭ്യമാവുന്നുണ്ട്. പദ്ധതിച്ചെലവുകൾക്ക് യാതൊരുവിധ നിയന്ത്രണവും നിലവിലില്ല. |
| സി. അനുമതി പത്രം ലഭിക്കുവാൻ കാലതാമസം വരുന്നത് പദ്ധതി പ്രവർത്തനത്തേയും അതിനനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ടോ? | ഭരണാനുമതി നൽകുന്നതിനുള്ള ഈ നടപടിക്രമങ്ങൾ വളരെ ലളിതവൽക്കരിച്ചിട്ടുള്ളതിനാലും പദ്ധതി ച്ചെലവുകൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാലും പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 152** 26.02.2009 ലെ മറുപടിയ്ക്ക്

**13-ാം ധനകാര്യ കമ്മീഷന് നൽകാനുള്ള നിവേദനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വർക്കല കഹാർ**<br>**ശ്രീ. റ്റി. എൻ. പ്രതാപൻ**<br>**ശ്രീ. ജി. കാർത്തികേയൻ** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ,**<br>**മുഖ്യമന്ത്രി** |
| **(എ)** 13-ാം ധനകാര്യ കമ്മീഷന് നൽകാനുള്ള നിവേദനം തയ്യാറാക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുമായി ആലോചിച്ചിരുന്നുവോ; | **(എ)** ആലോചിച്ചിരുന്നു. |
| **(ബി)** പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | **(ബി)** 13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ വിവരിക്കുന്നു.<br>(i) കേന്ദ്ര നികുതിയുടെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 30.5 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക. കൂടാതെ ജനസംഖ്യ (1971 കനേഷുമാരി)-70%, വരുമാന അന്തരം അഥവാ പിന്നോക്കാവസ്ഥ (1971 ലെ ജനസംഖ്യക്കനുസരിച്ച്)-10%, ഭൂവിസ്തൃതി (ക്രമപ്പെടുത്തിയത്)-5%, നികുതി കാര്യക്ഷമത (Tax effort)-10%, ഫിസ്ക്കൽ പെർഫോർമെൻസ് (Fiscal Performance)-5%- എന്നീ മാനദണ്ഡങ്ങളുടെയും വെയിറ്റേജുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രനികുതി വിഹിതം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>(ii) പദ്ധതിയേതര റവന്യൂ കമ്മി ഗ്രാന്റും പദ്ധതി റവന്യൂ കമ്മി ഗ്രാന്റും അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകണമെന്ന് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(iii) ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡായി 32809.39 കോടി രൂപ വിവിധ വകുപ്പുകളുടെ പ്രത്യേക പ്രശ്നങ്ങൾ. സംരക്ഷണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. |

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കായി ആവശ്യ പ്പെട്ടിട്ടുണ്ട്.

(iv) ധനകാര്യ കമ്മിഷൻ വഴിയുള്ള വിഭവവിഭജനം, കേന്ദ്ര വരുമാനത്തിന്റെ വിഹിതം ലഭിക്കാനുള്ള സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ ഒരു അവകാശത്തിന്റെ പ്രതിഫലനമാകയാൽ ഇതിന് കേന്ദ്ര മന്ത്രാലയങ്ങളുടെ കർശന നിബന്ധനകൾ ഏർപ്പെടുത്താൻ പാടില്ല.

(v) സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറച്ചുകൊണ്ടു വരുകയോ സംസ്ഥാന പദ്ധതിയിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. കൂടാതെ. ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള സാധാരണ കേന്ദ്രസഹായത്തിന് (NCA) ചരടുകളൊന്നു മില്ലാത്തതിനാലും അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വിവേചനപരവും നിബന്ധനകൾക്ക് വിധേയവുമാണെന്നതിനാലും സാധാരണ കേന്ദ്രസഹായം വർദ്ധിപ്പിക്കേണ്ടതും അത് പൂർണ്ണമായും ഗാഡ്ഗിൽ ഫോർമുല പ്രകാരം മാത്രം നൽകേണ്ടതുമാണ്.

(vi) പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പിന്റെ സംസ്ഥാനങ്ങളുടെ വിഹിതം ഇപ്പോൾ ഏകദേശം 20% ആണ്. ഈ വിഹിതം 2010-11 ൽ 33.33%-വും 2014-15 ഓടെ 50%-ആയും ഉയർത്തേണ്ടതാണ്. സാധാരണ കേന്ദ്രസഹായത്തിന്റെ (NCA) ഗ്രാന്റ് ഭാഗം 30 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കേണ്ടതാണ്. എല്ലാമുൻകാല കേന്ദ്ര വായ്പകളും അതിന്റെ പലിശയും എഴുതി തള്ളേണ്ടതുമാണ്.

(vii) സംസ്ഥാനങ്ങളിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവ് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (GDP) 1.5%-ൽ നിന്ന് 5%-മായി ഉയർത്തേണ്ടതും ഇതിന്റെ അധിക തുകയുടെ പകുതി എല്ലാ സംസ്ഥാന ങ്ങളിലെയും തദ്ദേശ സ്വയംഭരണ സർക്കാരുകൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാരുകൾക്ക് അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകേണ്ടതുമാണ്.

(viii) കടലാക്രമണം, ഇടിമിന്നൽ, വെള്ളക്കെട്ട് എന്നിവ പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ix) ദുരിതാശ്വാസനിധിയുടെ കോർപ്പസ് (corpus) ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതിയുടെ 10%-മായി ഉയർത്തേണ്ടതും ഇതിന്റെ കേന്ദ്രവിഹിതം 75 ൽ നിന്നും 90 ശതമാനമായി ഉയർത്തേണ്ടതുമാണ്.

(x) എൻ.സി.സി.എഫ് (NCCF)-ന്റെ കോർപ്പസ് നിലവിലുള്ള 500 കോടിയിൽ നിന്ന് 1000

| | |
|---|---|
| | കോടിയായി ഉയർത്തുക.<br><br>13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ പൂർണരൂപം ധനകാര്യ വകുപ്പിൽ ലഭ്യമാണ്. |
| (സി) ഈ കാര്യങ്ങൾ ആവശ്യപ്പെട്ടതിന്റെ കാരണം എന്തെന്നു വിശദീകരിക്കുമോ? | (സി) സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക സ്ഥിതിയും അവസ്ഥാവിശേഷങ്ങളും കണക്കിലെടുത്തുകൊണ്ടും കൂടാതെ, ധനകാര്യകമ്മീഷൻ മുഖേന ഭരണ ഘടനാപരമായി ലഭ്യമാകുന്ന സാമ്പത്തിക സഹായം പരമാവധി നേടിയെടുക്കുന്നതിനും വേണ്ടിയാണ് വിവിധ ആവശ്യങ്ങൾ ധനകാര്യകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 153 26 .02.2009 -ൽ മറുപടിയ്ക്ക്

വന സംരക്ഷണത്തിനായി പദ്ധതികൾ

ചോദ്യം

ശ്രീ. കെ.സി. കുഞ്ഞിരാമൻ
„ ബി.ഡി. ദേവസ്സി
„ രാജു എബ്രഹാം
„ പി. കൃഷ്ണപ്രസാദ്
„ എസ്. രാജേന്ദ്രൻ.

(എ) വനമേഖലകളുടെ സംരക്ഷണത്തിനും ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ;

ഉത്തരം

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) വനമേഖലകളുടെ സംരക്ഷണത്തിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന പദ്ധതികൾ വനംവകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽനിന്ന് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട് :

I. വന്യജീവി വിഭാഗം

1. വയനാട് ജില്ലയിലെ പരമ്പരാഗത ആനത്താരകൾ പുനഃസ്ഥാപിക്കുന്നതിന് സ്വകാര്യഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് സംബന്ധിച്ച പദ്ധതി. ഈപദ്ധതിയുടെ അടങ്കൽ തുക 7.89 കോടി രൂപയാണ്.

2. ജൈവവൈവിദ്ധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധന പദ്ധതി (Biodiversity Conservation and Livelihood Improvement Project).

3. കേരളത്തിലെ 20 സംരക്ഷിത മേഖലകളുടെ വികസനത്തിനായി 50% കേന്ദ്രസഹായത്തോടെ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ.

4. കടുവാ സംരക്ഷണ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പെരിയാർ കടുവാ സംരക്ഷണ പദ്ധതി ( Project Tiger).

5. ആന സംരക്ഷണ പദ്ധതിയുടെ ഭാഗമായി ( Project Elephant )നടപ്പിലാക്കുന്ന സംസ്ഥാനതല പദ്ധതി.
6. നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി.
7. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതി.

8. കേരള കടൽത്തീരത്തെ കടലാമകളെയും വംശനാശം നേരിടുന്ന മറ്റു കടൽ ജീവികളെയും സംരക്ഷിക്കുന്നതിനുള്ള പദ്ധതി. ഈപദ്ധതിയുടെ അടങ്കൽ തുക 6.65 കോടി രൂപയാണ്.

9. വയനാട് വന്യജിവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സ്വമേധയായുള്ള പുനരധിവാസം സംബന്ധിച്ച പദ്ധതി. ഇതിന്റെ അടങ്കൽ തുക 85 കോടി രൂപയാണ്.

**വന്യജീവി ആവാസ വ്യവസ്ഥകളുടെ സമഗ്ര വികസന പദ്ധതി (Integrated Development of Wildlife Habitats) യിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ.**

10. കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം.

11. കേരളത്തിലെ കോൾനിലങ്ങളുടെ പരിപാലനം.

12. മാങ്കുളം വനം ഡിവിഷനിലെ ജൈവവൈവിധ്യ സംരക്ഷണം.

13. ഗുന്ധിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം.

14. കാവുകളുടെയും വനത്തിനുപുറത്തുള്ള ജൈവ സമ്പന്ന ആവാസങ്ങളുടെയും സംരക്ഷണം.

15. കക്കയം വനമേഖലയുടെ സംരക്ഷണം.

## II. <u>സോഷ്യൽ ഫോറസ്ട്രി വിഭാഗം</u>

16. കണ്ടൽക്കാടുകളുടെ സംരക്ഷണ-പരിപാലന പദ്ധതി
17. കാവുകളുടെ സംരക്ഷണം.
18. വനേതര മേഖലകളിലെ വനവൽക്കരണ പദ്ധതി (ഗ്രാമ വനയോജന).

## III. <u>വികസന വിഭാഗം</u>

19. വനസംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ പദ്ധതി.

20. ഔഷധഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നത് സംബന്ധിച്ച പദ്ധതി.

21. ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കുതോട്ടങ്ങളിലെ ഇടവിളയായി വച്ചുപിടിപ്പിക്കുന്ന പദ്ധതി.

## IV. ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ വിഭാഗം

22. ദേശീയ വനവൽക്കരണ പദ്ധതി.

മേൽ സൂചിപ്പിച്ച പദ്ധതികൾക്കുപുറമെ നാഷണൽ ബാംബൂ മിഷനിൽനിന്ന് കേരള സ്റ്റേറ്റ് ബാംബൂ മിഷൻവഴിയായി മുളകൃഷി വികസനത്തിനായി ധനസഹായം ലഭിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | അതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ; | (ബി) | മേൽ സൂചിപ്പിച്ച പദ്ധതികളിൽ 1,2,3,4,5,6,7,10,16,17,19,20,21,22 ഇനങ്ങളായി സൂചിപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ ആണ്. മാനേജ്മെന്റ് ഓഫ് യൂണിക് സ്പീഷീസ് എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ കേന്ദ്രം 2009-10 ൽ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് അതിവിശിഷ്ടമായ ജൈവ വ്യവസ്ഥകളെ പരിപാലിക്കാനും സംരക്ഷിക്കാനും അവസരം ലഭിക്കും. |
| (സി) | ആദിവാസികളുടെ സഞ്ചാര മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ സഹായത്തോടെ ഏതെല്ലാം റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | ആദിവാസികൾക്കുകൂടി പ്രയോജനകരമാകുന്ന താഴെ പറയുന്ന 9 റോഡുകളുടെ വികസന പ്രവർത്തനങ്ങൾ നബാർഡ് അനുവദിച്ച വായ്പാതുക വിനിയോഗിച്ച് നടത്തി വരികയാണ്. |

1. വേലുപാടം-വെട്ടിങ്ങപാടം റോഡ്
2. കുടിയാൻമല-പള്ളിക്കുന്ന്-കുടിയാറ്റുവളപ്പ് റോഡ്
3. പക്കം-കുറുവ-പണിക്കൽ റോഡ്
4. ഉദയക്കര-ചേകടി റോഡ്
5. സ്പാൽ-എലിവാൽ റോഡ്
6. മുക്കാലി-കരുവാര റോഡ്
7. പെരിയചോല-തേക്കടി റോഡ്
8. അച്ചൻകോവിൽ-ചിറ്റാർ റോഡ്
9. മണിയാർ-കട്ടച്ചിറ-തണ്ണിത്തോട് റോഡ്.

ഇതിൽ ഒരെണ്ണത്തിന്റെ (ക്രമ നം.1) ജോലി പൂർത്തീകരിക്കുകയും 8 എണ്ണത്തിന്റെ പ്രവർത്തനം നടന്നുവരികയുമാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 154 26/2/2009-ൽ മറുപടിയ്ക്ക്

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.എം.എം.മോനായി | ശ്രീ.സി.ദിവാകരൻ(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) 7.10 കോടി രൂപ മുതൽമുടക്കി ഇടയാറിൽ ഒരു ആധുനിക അറവു ശാലയും മാംസോൽപ്പാദക വിപണനകേന്ദ്രവും ആരംഭിക്കുന്നതിനുളള പദ്ധതി കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എം.പി.ഐ.ക്ക് വിപണനത്തനിനാവശ്യമായ ,മാസം പ്രതി 6000 കോഴികളെയും 200 ആടുകളേയും പൂർണ്ണമായും ഉൽപ്പാദിപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. പന്നികൾക്കാവശ്യമായ ഫീഡ് നിർമ്മാണവും വിപണനവും പ്രതിമാസം 300 ടൺ വർദ്ധിപ്പിക്കുക, പന്നിക്കുഞ്ഞുങ്ങളുടെ ഉല്പാദനം 1500 ൽ നിന്നും 3000 ആക്കി വർദ്ധിപ്പിച്ച് പന്നി കർഷകർക്ക് നൽകുക എന്നീ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് അതിനുവേണ്ട കൂടുതൽ തളള പന്നികളെ വളർത്തുന്നുണ്ട്.20 ലക്ഷം രൂപയുടെ **RKVY** പദ്ധതിയിൽ , കർഷകർക്ക് പത്ത് പന്നിക്കുഞ്ഞുങ്ങളെ വീതം കൂട് സഹിതം വിതരണം ചെയ്ത് അവയെ വളർത്തി തിരികെ വാങ്ങുന്ന ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കോഴിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ കോഴി വളർത്തലിനായി 85 ലക്ഷം രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. അതിലൂടെ 1.836 ലക്ഷം മുട്ട കോഴികളെ 9,180 കർഷകർക്ക് പ്രതിവർഷം വിതരണം |

ചെയ്യാൻ സാധിക്കും. എസ്.ബി.ഐയുമായി സഹകരിച്ച് പന്നിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്ന ഒരു പദ്ധതിയും രൂപീകരിച്ചു വരുന്നു. ബാങ്ക് അനുവദിക്കുന്ന വായ്പയിൽ നിന്നും കൂടു നിർമ്മിച്ച് കർഷകർ എം.പി.ഐ. യിൽ നിന്നും പന്നിക്കുഞ്ഞുങ്ങളെ വാങ്ങി അവയെ വളർത്തി എം.പി.ഐ.ക്ക് തിരികെ നൽകുന്നതാണ് ഈ പദ്ധതി. ഇതുമൂലം മാംസത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കും. ഉൽപന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ വിൽപന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. എറണാകുളത്ത് പുതിയ ഡിപ്പോയും മൊബൈൽ വിൽപന യൂണിറ്റും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം.പി.ഐ യ്ക്ക് കേരളത്തിൽ 300 ഓളം ഏജൻസികൾ ഉണ്ട്. ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി) | കമ്പനിയുടെ ആധുനികവൽക്കരണ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | ബി) | നവീകരണത്തിന്റെ ഭാഗമായി 40 ടൺ ശേഷിയുള്ള ഒരു ഗാഢശീതീകരണിയും , മലിനജലസംസ്ക്കരണ പ്ലാന്റും തയ്യാറായിട്ടുണ്ട്. പുതിയ മെഷീനറികളായ മീറ്റ് സ്ലൈസർ, കാർക്കസ് സ്പ്ളിറ്റർ കട്ടിംഗ് ടേബിളുകൾ, ട്രോളികൾ, പഫ് ഇൻസുലേറ്റഡ് ബോക്സുകൾ, എന്നിവ വാങ്ങാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| സി) | പുതുതായി ഏതെല്ലാം ഉല്പന്നങ്ങൾ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ വിപണിയിലിറക്കിയെന്ന് അറിയിക്കുമോ; | സി) | ചിക്കൻ അച്ചാർ,മാട്ടുപെട്ടി പ്രീമിയം ബീഫ്, ധോണി പ്രീമിയം ബഫല്ലോ, ചിക്കൻ കട്‌ലറ്റ് എന്നിവയാണ് പുതുതായി വിപണിയിൽ ഇറക്കിയിട്ടുള്ളത്. |
| ഡി) | വിദേശ വിപണി ലക്ഷ്യമാക്കി പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | വിദേശ വിപണികൂടി ലക്ഷ്യം വച്ച് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് 49 ശതമാനവും പി.എൻ.ആർ.ഫാം & ലൈവ് സ്റ്റോക്ക് എന്റർപ്രൈസസ് എന്ന സ്വകാര്യ ഏജൻസിക്ക് 51ശതമാനവും വിഹിതമുള്ള ഒരു സംയുക്ത സംരംഭമായി ചാലക്കുടിയിലെ പരിയാരം പഞ്ചായത്തിൽ |

കാഞ്ഞിരപ്പിള്ളി എന്ന സ്ഥലത്ത് ഒരാധുനിക പോത്തിറച്ചി സംസ്കരണ ഫാക്ടറി തുടങ്ങുന്നതിനുള്ള ധാരണാപത്രത്തിന്റെ കരട് സർക്കാർ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| ഇ) | കമ്പനി ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | ഇ) | നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്ഥാപനം പുനരുദ്ധരിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 155

26.2.2009 ൽ
മറുപടിയ്ക്ക്

ഐ.ടി.നയവും ഐ.ടി.പാർക്കുകളും

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി;
ശ്രീ. പി. ജയരാജൻ;
ശ്രീ. വി. ശിവൻകുട്ടി ;

എ) കേരളത്തിലെ പുതിയ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കേരളത്തിലെ പുതിയ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു;

ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലും പൊതുവായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഏകീകരിച്ച് എല്ലാ വകുപ്പുകളിലും നടപ്പിലാക്കി വരുന്നു. ഇതിൽ സർവ്വീസ് ആന്റ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റെപ്പോസിറ്ററി ഫോർ കേരള (SPARK), ഡിജിറ്റൽ വർക്ക് പ്രോസസ് സിസ്റ്റം (MESSAGE), ഫയൽ ട്രാക്കിംഗ് സിസ്റ്റം (IDEAS), അസറ്റ് മാനേജ്മെന്റ് സിസ്റ്റം (AASTHI) എന്നിവ ഉൾപ്പെടുന്നു. Free and Open Source Software (FOSS) പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു അന്താരാഷ്ട്ര കോൺഫറൻസ് കേരളത്തിൽ സംഘടിപ്പിക്കുകയും സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ വികസനത്തിനും വ്യാപനത്തിനുമായി IC for FOSS എന്ന സ്ഥാപനം രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ തുടങ്ങുകയുംചെയ്തു. സ്വതന്ത്ര സോഫ്റ്റ് വെയറിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നതിനായി എറണാകുളം കേന്ദ്രീകരിച്ച് CATFOSS പ്രവർത്തനം ആരംഭിച്ചു. സർക്കാർ വെബ് സൈറ്റുകൾ മെച്ചപ്പെട്ട സുരക്ഷയ്ക്കും നടത്തിപ്പിനുമായി കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ നടക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ വേണ്ടി കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലേക്കും ബ്രോഡ്ബാന്റ് കണക്ടിവിറ്റി എത്തിക്കാനുള്ള ശ്രമം നടന്നുവരുന്നു. മലയാളം കമ്പ്യൂട്ടിംഗ് എന്ന

പരിപാടിയുടെ ഭാഗമായി കമ്പ്യൂട്ടർ ഭാഷ മലയാളം ആക്കുന്നതിനുള്ള പ്രചരണം തുടരുന്നു. ഇന്റർനെറ്റ് പരിപാടിയുടെ ഭാഗമായി കാഴ്ചയില്ലാത്തവർക്കു വേണ്ടി ട്രെയിനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്റെ ഗ്രാമം പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിലെ ഹൈസ്കൂളുകളിൽ വെബ് പോർട്ടലുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമെ Commercial Taxes Department ലെ ഇ-ഫയലിംഗ് KSEB ലെ 'ഒരുമ' സോഫ്റ്റ്‌വെയർ കേരള വാട്ടർ അതോറിറ്റിയിലെ ഓൺലൈൻ ബില്ലിംഗ്, വിദ്യാഭ്യാസ വകുപ്പിലെ ഓൺലൈൻ കൗൺസലിംഗ്, KPSC-ലെ ഓൺലൈൻ ആപ്ലിക്കേഷൻ സിസ്റ്റം, ജില്ലാ കളക്ടറേറ്റിലെ DC Suit, Law Secretariat ലെ LIMS, Motor Vehicle Department ലെ Fast and Move application, ഐ.ടി. മിഷന്റെ പേപ്പർലെസ് ഓഫീസ് എന്നിവ ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി പുരോഗമിച്ചു വരുന്നു.

റെയിൽവേ ഇ-ടിക്കറ്റിംഗ്, ഇ-ഫയലിംഗ്, അക്ഷയ ഇ കേന്ദ്രങ്ങൾ വഴി എട്ട് ജില്ലകളിൽ ഇ-പേയ്മെന്റ്, എന്നിവ നടപ്പിലാക്കുകയും ഇ-ലേണിംഗിന്റെ ഭാഗമായി ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നതിന് വേണ്ടി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു.

ഇൻഫോപാർക്കിന്റെ വികസനത്തിന്റെ ഭാഗമായി പുതിയ ഐ.ടി. മന്ദിരത്തിന്റെ (അതുല്യ) നിർമ്മാണം ആരംഭിച്ചു. രണ്ടാംഘട്ട ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ളസ്ഥലമെടുപ്പ് നടപടികൾ അവസാനഘട്ടത്തിലാണ്. അമ്പലപ്പുഴ ഇൻഫോപാർക്കിന് 15.2.09 ൽ തറക്കല്ലിടൽ നിർവ്വഹിച്ചു. ചേർത്തലയിൽ ഇൻഫോപാർക്കിന്റെ ശിലാസ്ഥാപനം 22.2.2009 ൽ നിർവ്വഹിച്ചു. തൃശ്ശൂർ ജില്ലയിൽ കൊരട്ടിയിൽ ഇൻഫോപാർക്ക് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കി വരുന്നു.

ഐ.ടി.ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) എന്ന കമ്പനി രൂപീകരിച്ചു. കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ,

| | | | |
|---|---|---|---|
| | | | കാസര്‍കോഡ് ജില്ലകളില്‍ ഐ.ടി. പാര്‍ക്കുകള്‍ ആരംഭിക്കാന്‍ അനുമതി നല്‍കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയില്‍ സൈബര്‍ പാര്‍ക്ക് രജിസ്റ്റര്‍ ചെയ്തുകഴിഞ്ഞു. |
| ബി) | പുതിയ ഐ.ടി. നയത്തിന്റെ ഫലമായി ഐ.ടി. മേഖലയിലേയ്ക്ക് കൂടുതല്‍ നിക്ഷേപകരെ ആകര്‍ഷിക്കാന്‍ കഴിഞ്ഞിട്ടുണ്ടോ? | ബി) | ഉണ്ട് |
| (സി) | എല്ലാ ജില്ലകളിലും ഐ.ടി.പാര്‍ക്കുകള്‍ സ്ഥാപിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ? | (സി) | ടെക്നോപാര്‍ക്ക്, ഇന്‍ഫോപാര്‍ക്ക് എന്നിവ സ്ഥിതിചെയ്യുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകള്‍ ഒഴികെ എല്ലാ ജില്ലകളിലും സര്‍ക്കാര്‍ മുന്‍കൈ എടുത്ത് ഐ.ടി.പാര്‍ക്കുകള്‍ സ്ഥാപിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുണ്ടറ, ആലപ്പുഴ ജില്ലയിലെ ചേര്‍ത്തല, അമ്പലപ്പുഴ, കാസര്‍കോഡ് ജില്ലയിലെ ചീമേനി, കണ്ണൂര്‍ ജില്ലയിലെ എരമം, കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട്, പന്തീരാങ്കാവ്, തൃശ്ശൂര്‍ജില്ലയിലെ കൊരട്ടി എന്നീ സ്ഥലങ്ങളില്‍ ഐ.ടി. പാര്‍ക്കുകള്‍ സ്ഥാപിക്കുന്നതിനുള്ള അനുമതി ഇതിനകം നല്‍കിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാനസൌകര്യങ്ങള്‍ സൃഷ്ടിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി. ഇന്‍ഫ്രാസ്ട്രക്ച്ചര്‍ ലിമിറ്റഡ് എന്ന കമ്പനി പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലബാര്‍ മേഖലയില്‍ ഐ.ടി. പാര്‍ക്കുകള്‍ സ്ഥാപിക്കുന്നതിന് ടെക്നോപാര്‍ക്ക്, ഇന്‍ഫോപാര്‍ക്ക് എന്നിവയുടെ മാതൃകയില്‍ കോഴിക്കോട് ആസ്ഥാനമായി സൈബര്‍പാര്‍ക്ക് കോഴിക്കോട് എന്ന പേരില്‍ ഒരു സൊസൈറ്റിയും രജിസ്റ്റര്‍ ചെയ്ത് പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയില്‍ ടെക്നോപാര്‍ക്ക് എന്ന പേരിലും ആലപ്പുഴ ജില്ലയിലെ ചേര്‍ത്തലയിലും, അമ്പലപ്പുഴയിലും തൃശ്ശൂര്‍ ജില്ലയിലും ഇന്‍ഫോപാര്‍ക്ക് എന്ന പേരിലും കോഴിക്കോട്, കണ്ണൂര്‍, കാസര്‍ഗോഡ് ജില്ലകളില്‍ സൈബര്‍ പാര്‍ക്ക് എന്ന പേരിലുമാണ് ഐ.ടി.പാര്‍ക്കുകള്‍ ആരംഭിക്കുന്നത്.<br><br>പാലക്കാട് ജില്ലയിലെ ഇന്‍ഡ്യന്‍ ടെലിഫോണ്‍ ഇന്‍ഡസ്ട്രീസ് വക സ്ഥലത്ത് പ്രസ്തുതകമ്പനിയുമായി ചേര്‍ന്ന് ഐ.ടി.പാര്‍ക്ക് സ്ഥാപിക്കുവാനുള്ള |

നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിൽ ആരംഭിക്കുന്ന ടെക്നോപാർക്ക് പ്രവർത്തനം ആരംഭിക്കുമ്പോൾ കൈവരിക്കാമെന്നു പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്?

(ഡി) കൊല്ലം ടെക്നോപാർക്കിന്റെ പൂർണ്ണ രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചാൽ 500 കോടി രൂപാ നിക്ഷേപവും ഏകദേശം 8000 പേർക്ക് നേരിട്ട് ജോലിയും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു

(ഇ) കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ട-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 156 | 26.02.2009 ൽ മറുപടിയ്ക്ക്

## റേഷൻ കടകളിലൂടെയുള്ള ആട്ട വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. കെ. സി. രാജഗോപാലൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) റേഷൻ കടകളിലൂടെ ആട്ട വിതരണം ചെയ്യുന്നതിന് ആവശ്യമായ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിക്കുന്നുണ്ടോ ; | (എ) യും (ബി) യും<br><br>ഉണ്ട്. സംസ്ഥാനത്തെ റേഷൻ വിഹിതത്തിൽ നിന്നും പ്രതിമാസം 5000 മെട്രിക് ടൺ ഗോതമ്പ് ഫോർട്ടിഫൈഡ് ആട്ടയാക്കി സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വില്പന നടത്തുവാനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നല്കിയിട്ടുണ്ട്. |
| (ബി) എത്ര മെട്രിക് ടൺ ഗോതമ്പാണ് ആട്ടയാക്കി വില്പന നടത്തുന്നത് ; | |
| (സി) കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഗോതമ്പ് ആട്ടയാക്കി റേഷൻ കടകളിലൂടെ മാത്രമെ വില്പന നടത്താവൂ എന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) സാധാരണക്കാർ കൂടതലായി ആശ്രയിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലും റേഷൻ വിലയ്ക്ക് ആട്ട വിതരണം ചെയ്യുന്നതിന് കേന്ദ്രത്തിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് വ്യക്തമാക്കുമോ ? | (ഡി) ഉണ്ട്. സംസ്ഥാനത്തെ ഉപഭോക്താക്കളുടെ നിരന്തരമുള്ള ആവശ്യ പ്രകാരം ഫോർട്ടിഫൈഡ് ആട്ട സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വില്പന നടത്തുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 157      26.02.2009-ൽ മറുപടിക്ക്.

## പൗരാവകാശ രേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>,, കെ.പി.മോഹനൻ<br>,, എം.കെ.പ്രേംനാഥ്<br>,, ജോസ് തെറ്റയിൽ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| എ) സംസ്ഥാന സർക്കാരിൻെറ ഏതൊക്കെ വകുപ്പുകളാണ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | എ) താഴെപ്പറയുന്ന വകുപ്പുകളിലും സർക്കാർ ഏജൻസികളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>1. വ്യവസായ വകുപ്പ്<br>2. ഭക്ഷ്യ-സിവിൽ സപ്ളൈസ് വകുപ്പ്<br>3. കേരള ലാൻറ് യൂസ് ബോർഡ്<br>4. സ്റ്റേറ്റ് ലോട്ടറീസ് വകുപ്പ്<br>5. സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെൻറ് ആൻറ് മാനേജ്മെൻറ്<br>6. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ്<br>7. സാമൂഹ്യക്ഷേമവകുപ്പ്<br>8. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്<br>9. ശാസ്ത്രസാങ്കേതിക-പരിസ്ഥിതി വകുപ്പ്<br>10. സൈനിക ക്ഷേമ വകുപ്പ്<br>11. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്<br>12. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്<br>13. ഇൻഡസ്ട്രീസ് ആൻറ് കോമേഴ്സ് വകുപ്പ്<br>14. എക്സൈസ് വകുപ്പ് |

15. സഹകരണ വകുപ്പ്
16. നിയമവകുപ്പ്
17. ഫ്രഷറീസ് വകുപ്പ്
18. ആനിമൽ ഹസ്ബൻഡ്രി വകുപ്പ്
19. പോലീസ് വകുപ്പ്
20. ഫയർ ആൻറ് റസ്ക്യൂ വകുപ്പ്
21. വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ
    വകുപ്പ്
22. കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻറ്
    നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.
23. ട്രാൻസ്പോർട്ട് വകുപ്പ്
24. ഗവൺമെൻറ് ആയുർവേദകോളെജ്
25. തദ്ദേശ സ്വയം ഭരണ വകുപ്പ്
26. റവന്യൂ വകുപ്പ്
27. ഡ്രഗ്സ് കൺട്രോൾ വകുപ്പ്
28. ടാക്സസ് വകുപ്പ്
29. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് വാട്ടർ
    ട്രാൻസ്പോർട്ട് വകുപ്പ്
30. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെൻറ്
31. ഡയറി ഡവലപ്പ്മെൻറ് ഡിപ്പാർട്ട്മെൻറ്
32. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെൻറ്
    കോർപ്പറേഷൻ
33. അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെൻറ്
34. സർവ്വേ ഡയറക്ടറേറ്റ്
35. കേരള ലാൻറ് യൂസ് ബോർഡ്
36. സർവ്വേ ആൻറ് ലാൻറ് റിക്കോർഡ്സ്
37. ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്പ്മെൻറ്
38. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻറ്
    യൂത്ത് അഫയേഴ്സ്
39. കമ്മീഷണർ ഓഫ് എക്സൈസ്

40. കെ.എസ്. എഫ്.ഇ

41.കേരള അഗ്രിക്കൾച്ചറൽ ഇൻകം ടക്സ് ആൻറ് സെയ്ൽസ് ടാക്സ് അപ്പലേറ്റ്ട്രൈബ്യൂണൽ

42. രജിസ്ട്രേഷൻ വകുപ്പ്

43. എൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ് ഓഫീസ്

44. കേരളസ്റ്റേറ്റ് നിർമ്മിതി കേന്ദ്ര

45. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

46. പശ്ചിമഘട്ട വികസന സെൽ

47. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

48. ഡയറക്ടറേറ്റ് ഓഫ് ടൂറിസം

49. ഡയറക്ടറേറ്റ് ഓഫ് സറ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട്

50. ഡയറക്ടറേറ്റ് ഓഫ് ആനിമൽ ഹസ്ബൻററി ആൻറ് ഡയറി ഡവലപ്പ്മെൻറ്

51. മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യ

52. എൻ.സി.സി. ഡയറക്ടറേറ്റ്

53. വിവര പൊതുജന സമ്പർക്ക വകുപ്പ്

54. കേരള വാട്ടർ അതോറിറ്റി

| | |
|---|---|
| ബി) പൗരാവകാശ രേഖയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ? | ബി) പൊതുഖജനാവിൽനിന്നുള്ള നികുതിപ്പണംകൊണ്ട് മാത്രംപ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എന്തൊക്കെ സേവനങ്ങളാണ് നികുതിദായകർക്ക് ലഭിക്കുക എന്നറിയുവാനുള്ള പൊതുജനങ്ങളുടെ അവകാശം നിറവേറ്റുക എന്ന ധർമ്മമാണ് പൗരാവകാശ രേഖവഴി സാധ്യമാക്കുന്നത്. |

അതുവഴി പെതുജനങ്ങൾക്ക് വിവിധ
വകുപ്പുകളിൽ നിന്നും ലഭിക്കുന്ന
സേവനങ്ങൾ എളുപ്പത്തിൽ അറിയുവാനും
അതു പ്രയോജനപ്പെടുത്തുവാനും
കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 158

26-02-2009-ൽ മറുപടിയ്ക്ക്

പെട്രോൾ പമ്പുകളിലെ അളവുവെട്ടിപ്പും മായംചേർക്കലും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.പി.വിശ്വൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) പെട്രോൾ പമ്പുകളിലെ അളവുവെട്ടിപ്പ് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) അളവിലെ കൃത്രിമം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) അളവിലെ കൃത്രിമം തടയുന്നതിന് ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. 2008-2009 കാലയളവിൽ അളവുതൂക്കത്തിൽ കൃത്രിമം കാണിച്ചതായി 15,000 ത്തോളം പരിശോധനകളിൽ കണ്ടെത്തുകയും ഒരു കോടി 29 ലക്ഷം രൂപ ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര പെട്രോൾ പമ്പുകൾ ഉണ്ട് ; | (സി) സംസ്ഥാനത്താകെ സിവിൽ സപ്ലൈസ് കോർപ്പറേഷന് 12 പെട്രോൾ പമ്പുകൾ ഉണ്ട്. |

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതുതായി പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ട്. ആലപ്പുഴ ജില്ലയിലെ വഴിച്ചേരിയിൽ പെട്രോൾ പമ്പ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ കേന്ദ്ര സർക്കാർ സപ്ലൈകോയ്ക്ക് (Supplyco) പുതിയ പമ്പുകൾ അനുവദിക്കുന്നതിൽ പല പുതിയ ഒഴിവുകഴിവുകൾ കണ്ടെത്തി അനുവദിക്കാതിരിക്കുകയാണ്.

(ഇ) പെട്രോൾ, ഡീസൽ എന്നിവയിലെ മായംചേർക്കൽ കണ്ടുപിടിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ?

(ഇ) സ്വീകരിച്ച് വരുന്നുണ്ട്. ഓയിൽ കമ്പനികളും സിവിൽ സപ്ലൈസ് വകുപ്പുമാണ് പെട്രോൾ, ഡീസൽ എന്നിവയിലെ മായം ചേർക്കലിനെതിരെ നടപടികൾ സ്വീകരിക്കുന്നത്. പമ്പുകളിൽ നിന്നും വിൽപ്പന നടത്തുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ ഗുണനിലവാരങ്ങളെപ്പറ്റിയുള്ള സംശയ നിവാരണത്തിനായി എല്ലാ പെട്രോൾ പമ്പുകളിലും ഫിൽറ്റർ പേപ്പർ ടെസ്റ്റ്, ഡെൻസിറ്റി ടെസ്റ്റ് എന്നീ സൗകര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പെട്രോൾ പമ്പുകളിൽ മിന്നൽ പരിശോധനകൾ നിരന്തരം നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 159 26 - 02 - 2009 ൽ മറുപടിക്ക്

## പ്രവാസി മലയാളികളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>പ്രൊഫ. കെ.വി. തോമസ് : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചു വരുന്നത് ; | (എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനും അവരുടെ പ്രശ്നപരിഹാരങ്ങൾക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വിദേശത്ത് വച്ചോ ഇന്ത്യയ്ക്കകത്ത്, കേരളത്തിനു പുറത്തുവച്ചോ മരണമടയുന്ന നിർധനരായ പ്രവാസി കേരളീയരുടെ മൃതദേഹം തിരികെ നാട്ടിലെത്തിക്കുന്നതിന് സഹായം നൽകുന്നതിനുവേണ്ടി 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ എന്ന പരിശീലന പരിപാടി, പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡും അതുവഴി ഇൻഷ്വറൻസ് പരിരക്ഷയും നൽകുവാനുള്ള പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പ്രവാസികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടി "2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് " നിയമസഭ പാസാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രവാസികൾ ജോലി ചെയ്യുന്ന വിദേശ രാജ്യങ്ങളിൽ അവർ നേരിടേണ്ടതായി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും | (ബി) പ്രവാസി കേരളീയർ ജോലി ചെയ്യുന്ന വിദേശ രാജ്യങ്ങളിൽ അവർ നേരിടേണ്ടതായി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അക്കാര്യത്തിൽ അവരെ സഹായിക്കുന്നതിനും |

അക്കാര്യത്തിൽ അവരെ സഹായിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

എംബസികൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് . വിദേശത്ത് വച്ച് ജയിലിലാവുകയോ കാണാതാവുകയൊ കഷ്ടപ്പെടുകയൊ ചെയ്യുന്ന പ്രവാസി കേരളീയരെ തിരികെനാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വിദേശ രാജ്യങ്ങളിൽ വച്ച് തൊഴിലുടമയുടെ ഭാഗത്തുനിന്നുണ്ടാകുന്ന പീഡനം, സേവന വേതന വ്യവസ്ഥകളിലെ പ്രശ്നങ്ങൾ, അനാരോഗ്യം മൂലമോ ആശുപത്രി ചികിത്സ മൂലമോ നേരിടുന്ന പ്രശ്നങ്ങൾ, എന്നിങ്ങനെ ഓരോ കേസിന്റേയും വ്യത്യസ്തവും പ്രധാനവുമായ വസ്തുതകൾ എംബസ്സികളുടെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്ന പരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

(സി) പ്രവാസി മലയാളികളുടെ നാട്ടിലെ കുടുംബാംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇക്കാര്യത്തിൽ അവരെ സഹായിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രവാസികാര്യ വകുപ്പ് തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായി ' സാന്ത്വന ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസിമലയാളികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കും അവരുടെ സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ അതാത് ജില്ലാ കളക്റ്റർ/പോലീസ് സൂപ്രണ്ട് മുഖേന സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 130 | 26.02.2009-ൽ മറുപടിയ്ക്ക്

## പക്ഷി സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. അജിത്<br>ശ്രീ. കെ. രാജു :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പക്ഷി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർവ്വേയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാന വനം-വന്യജീവി വകുപ്പും ചില സന്നദ്ധ സംഘടനകളും ഗവേഷണ സ്ഥാപനങ്ങളും ചേർന്ന് പ്രാദേശിക തലത്തിൽ പക്ഷി സർവ്വേകൾ നടത്തി വരുന്നുണ്ട്. ഇത്തരം സർവ്വേകൾ വന-വനേതര പ്രദേശങ്ങളിലും കോൾ നിലങ്ങൾ, കായൽ പ്രദേശങ്ങൾ, നദീമുഖങ്ങൾ എന്നിവിടങ്ങളിലും നടത്തിവരുന്നു.<br>1933-ൽ ഡോ. സലിം അലി പക്ഷിസർവ്വേ നടത്തിയ പ്രദേശങ്ങളിൽ 2009 ജനുവരി 3 മുതൽ ഒരു പക്ഷി സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഈ സർവ്വേ 2009 ഡിസംബർ 31 വരെ നീണ്ടു നിൽക്കുന്ന സർവ്വേയാണ്. 'സലിം അലിയുടെ വഴിയിലൂടെ....' എന്നാണ് ഈ സർവ്വേയ്ക്ക് നാമകരണം ചെയ്തിട്ടുള്ളത്. |
| (ബി) പുതുതായി എത്രയിനം പക്ഷികളെ കണ്ടെത്തി ; അവ ഏതെല്ലാം ; | (ബി) ഉത്തരം (എ) ൽ പ്രതിപാദിച്ച പ്രകാരമുള്ള പ്രാദേശിക സർവ്വേകളിൽ പീച്ചിയിൽ 4 ജാതി പക്ഷികളെയും, പെരിയാറിൽ 2 ജാതി പക്ഷികളെയും, സൈലന്റ് വാലി, ചെപ്പാറ, ആറളം എന്നിവിടങ്ങളിൽ ഓരോ ജാതിയും ശെന്തുരുണിയിൽ 7 ജാതിയും പുതുതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<u>Peechi ( 4 Nos)</u>

1. Lesser Fish Eagle, 2. Large Hawk Cuckoo 3. Broad billed rover 4. House martin

<u>Periyar (2 Nos)</u>

1. Lesser kestrels 2. Lesser fishing eagle

<u>Silent Valley (1 No)</u>

Malabar dragon

<u>Peppara (1 No)</u>

Tiger bittern

<u>Aralam (1 No)</u>

Blue rock thrush

<u>Shendurney (7 Nos)</u>

1. Black and orange fly catcher 2. Blue earned king fisher 3. Grey breasted laughing thrush 4. White bellied short wing 5. Ceylong frog mouth 6. Great black woodpecker 7 Forest eagle owl.

(സി) വംശനാശ ഭീഷണി നേരിടുന്ന പക്ഷികൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുവയാണെന്നും അവയെ സംരക്ഷിച്ച് വംശം നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

(സി) വംശനാശഭീഷണി നേരിടുന്ന 31 ഇനം പക്ഷികളാണ് സംസ്ഥാനത്തുള്ളത്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇവയെ സംരക്ഷിച്ച് വംശം നിലനിർത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- പക്ഷികളുടെ സംരക്ഷണം മുൻനിർത്തി തട്ടേക്കാട്, ചൂലന്നൂർ, മംഗളവനം എന്നിവിടങ്ങളിലായി മൂന്ന് പക്ഷി സങ്കേതങ്ങൾ രൂപീകരിച്ച് പരിപാലന നടപടികൾ സ്വീകരിച്ചുവരുന്നു.
- ദേശാടന പക്ഷികളുൾപ്പെടെയുള്ള നീർപക്ഷികളുടെ സംരക്ഷണം കൂടി ലക്ഷ്യമാക്കിയാണ് കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് രൂപീകരിച്ചിട്ടുള്ളത്.
- സംസ്ഥാനത്തുള്ള 20 വന്യജീവി സങ്കേതങ്ങളിലും നടപ്പാക്കി വരുന്ന വന്യജീവി സംരക്ഷണ പരിപാലന നടപടികൾ മറ്റ് വന്യജീവികളോടൊപ്പം പക്ഷികളുടെയും സംരക്ഷണം ഉറപ്പു വരുത്തുന്നു.

- പക്ഷികൾക്ക് ചേക്കേറുന്നതിനും ഭക്ഷണലഭ്യത വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു വരുന്നു.
- വെള്ളിമൂങ്ങയെ അനധികൃതമായി പിടിച്ച് വിപണനം ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് നടപടി എടുക്കുന്നുണ്ട്.
- 1973 മുതൽ സംസ്ഥാനത്ത് വന്യജീവി സംരക്ഷണ നിയമം നിലവിലുണ്ട്. പ്രസ്തുത നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പക്ഷികളെ അനധികൃതമായി കൈവശം വയ്ക്കുന്നതും വിപണനം നടത്തുന്നതും പക്ഷിവേട്ട നടത്തുന്നതും എല്ലാം ശിക്ഷാർഹമായ കുറ്റമാണ്. സംസ്ഥാനത്ത് വന്യജീവി സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ആഫീസർ

## അനുബന്ധം

സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന പക്ഷികൾ

| Sl.No. | Name of Bird | IUCN Category |
|---|---|---|
| 1. | White-rumped Vulture *Gyps bengalensis* | CR |
| 2. | Indian Vulture *Gyps indicus indicus* | CR |
| 3. | Egyptian Vulture *Neophron percnopterus* | EN |
| 4. | Rufous-breasted Laughingthrush *Garrulax cachinnans* | EN |
| 5. | Lesser Adjutant *Leptoptilos javanicus* | VU |
| 6. | Lesser Kestrel *Falco naumanni* | VU |
| 7. | Indian Spotted Eagle *Aquila hastata* | VU |
| 8. | Greater Spotted Eagle *Aquila clanga* | VU |
| 9. | Houbara Bustard *Chlamydotis undulata* | VU |
| 10. | Wood Snipe *Gallinago nemoricola* | VU |
| 11. | Nilgiri Wood-pigeon *Columba elphinstonii* | VU |
| 12. | Yellow-throated Bulbul *Pycnonotus xantholaemus* | VU |
| 13. | Broad-tailed Grassbird *Schoenicola platyurus* | VU |
| 14. | White-bellied Shortwing *Brachypteryx major* | VU |
| 15. | Painted Stork *Mycteria leucocephala* | NT |
| 16. | Black-headed Ibis *Threskiornis melanocephalus* | NT |
| 17. | Spot-billed Pelican *Pelecanus philippensis* | NT |
| 18. | Oriental Darter *Anhinga melanogaster* | NT |
| 19. | Lesser Fish-eagle *Ichthyophaga humilis* | NT |
| 20. | Grey-headed Fish-eagle *Ichthyophaga ichthyaetus* | NT |
| 21. | Cinereous Vulture *Aegypius monachus* | NT |
| 22. | Pallid Harrier *Circus macrourus* | NT |
| 23. | Black-tailed Godwit *Limosa limosa* | NT |
| 24. | Black-bellied Tern *Sterna acuticauda* | NT |
| 25. | Malabar Pied Hornbill *Anthracoceros coronatus* | NT |
| 26. | Great Hornbill *Buceros bicornis* | NT |
| 27. | Tytler's Leaf-warbler *Phylloscopus tytleri* | NT |
| 28. | Grey-breasted Laughingthrush *Garrulax jerdoni* | NT |
| 29. | Black-and-rufous Flycatcher *Ficedula nigrorufa* | NT |
| 30. | Nilgiri Flycatcher *Eumyias albicaudatus* | NT |
| 31. | Nilgiri Pipit *Anthus nilghiriensis* | NT |

CR: Critically Endangered, EN: Endangered; VU: Vulnerable; NT: Near threatened.

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 161

26.02.09-ൽ
മറുപടിക്ക്

### ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ. ബാബുപോൾ
" എൻ. രാജൻ
" രാജാജി മാത്യു തോമസ്
" പള്ളിപ്രം ബാലൻ

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ) കേരള സർക്കാരിന്റെ കീഴിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (സി.എഫ്.ആർ.ഡി) എന്ന പേരിൽ ഒരു സ്ഥാപനം പത്തനംതിട്ട ജില്ലയിലെ കോന്നി പഞ്ചായത്തിൽ താഴെ പറയുന്ന ലക്ഷ്യങ്ങളോടുകൂടി സ്ഥാപിച്ചിട്ടുണ്ട്.

1) കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതും കേരളീയ കമ്പോളങ്ങളിൽ നിലവിലുള്ളതുമായ ഭക്ഷ്യ പാനീയ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള സംവിധാനം (ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലാബോറട്ടറി)

2) ഭക്ഷ്യ ഗവേഷണ വികസനസ്ഥാപനവും കേരളത്തിലെ ഭക്ഷ്യ രംഗവും ഭക്ഷ്യ വ്യവസായവുമായുള്ള ഫലപ്രദമായ ബന്ധം സ്ഥാപിക്കുക.

3) ഭക്ഷ്യ വികസന ഗവേഷണ രംഗത്ത് ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുക.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും ഓയിൽ പാം ഇൻഡ്യയുമായി ചേർന്ന് കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സംസ്കരണ യൂണിറ്റ് പുനരുദ്ധരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ബനാന സംസ്കരണ യൂണിറ്റിന് വേണ്ടിയുള്ള ഒരു പ്രോജക്ട് അടുത്ത വാർഷിക പദ്ധതിയിൽ (2008-09) ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.<br><br>തേങ്ങയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളായ തേങ്ങയുടെ ചിപ്സും വിനാഗിരിയും ആഗ്രോ ഇൻഡസ്ട്രീസ് യൂണിറ്റിന്റെ തൃശ്ശൂർ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ചു വിതരണം നടത്തി വരുന്നു. |
| (ബി) | ഈ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. ഇതിൽ സി.എഫ്.ആർ.ഡിയുടെ ഭക്ഷ്യഗുണമേന്മ പരിശോധനാ ലാബറട്ടറിക്കുവേണ്ടി 5 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചു തരുകയും ആയതിൽ 2.5 കോടി രൂപ ഇതുവരെ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി കൗൺസിലിന്റെ കീഴിൽ ആരംഭിക്കാൻ പദ്ധതിയുള്ള ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്ററിനു വേണ്ടി 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ ഗവേഷണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ; ഈ ഗവേഷണങ്ങളുടെ പുരോഗതി വിലയിരുത്തുമോ? | (സി) | സി.എഫ്.ആർ.ഡിയുടെ കീഴിൽ തന്നെ ഒരു ഭക്ഷ്യ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസലും മറ്റു പദ്ധതികളുടെ കൂടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഗുണമേന്മാ നിലവാര പരിശോധന കേന്ദ്രത്തിൽ ഗവേഷണങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള അതിനൂതനമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. വിവിധതരം ഭക്ഷ്യ മാംസങ്ങളെ ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ച് യഥാർത്ഥ മാംസമാണോ എന്ന് കണ്ടു പിടിക്കുന്നതിനും സൂക്ഷ്മാണുക്കളെ അവയുടെ ജനിതക ഘടനയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് അറിയുവാനുമുള്ള സംവിധാനവും ഈ കേന്ദ്രത്തിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ 162      26-2-2009 ൽ മറുപടിക്ക്

**എല്ലാവർക്കും വീട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ബിനോയ് വിശ്വം |
| ശ്രീമതി .പി. അയിഷാ പോറ്റി : | ( വനവും ഭവന നിർമ്മാണവും |
| ശ്രീ. സി.കെ. പി. പത്മനാഭൻ : | വകുപ്പു മന്ത്രി) |
| ശ്രീ. ബി. രാഘവൻ : | |
| ശ്രീ. കെ.സി. രാജഗോപാലൻ : | |

എ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് ;

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതി, ഭവന നിർമ്മാണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന സുരക്ഷാ ഭവന പദ്ധതി, പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പുകളുടെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന [illegible] നിർമ്മിതി കേന്ദ്രവും വഴി നടപ്പാക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ ഭവന പദ്ധതി, പട്ടിക ജാതി ഭവന പദ്ധതി, വിവിധ വകുപ്പുകൾ പൂർത്തീകരിച്ചുവരുന്ന പട്ടികജാതി ഭവന പദ്ധതി, പട്ടിക വർഗ്ഗ ഭവന പദ്ധതി, ഐ.എ.വൈ, ജനറൽ ഹൗസിംഗ്, എസ്.സി. പി, ടി.എസ്.പി, ഐ.എച്ച്. എസ്.ഡി. പി, ബി.എസ്.യു.പി. വാമ്പെ, ആശ്രയ, ഭവനശ്രീ, ജനകീയാ സൂത്രണം, എൻ.എഫ്. ഡബ്ല്യു. എഫ്, സുനാമി ഭവന പദ്ധതി,

തുടങ്ങിയവ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളാണ്.

ബി) ഈ സർക്കാർ വന്ന ശേഷം എത്ര വീടുകൾ നിർമ്മിച്ചു നൽകി ;

ബി) ഈ സർക്കാർ വന്ന ശേഷം വിവിധ വകുപ്പുകളും ഏജൻസികളും 211991 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

സി) ഇനി എത്ര പേർക്കാണ് വീട് നിർമ്മിച്ച് നൽകാനുള്ളത് ;

സി) സംസ്ഥാനത്ത് വാസയോഗ്യമായ വീടുകളില്ലാത്ത വിവിധ വിഭാഗങ്ങളിൽപ്പെട്ട ഏകദേശം 10 ലക്ഷം പേർ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു നടന്ന സാമ്പിൾ സർവ്വേയുടെ വിവരം താഴെ ചേർക്കുന്നു.

ഏറ്റവും ദാരിദ്ര്യം നേരിടുന്ന വിഭാഗങ്ങളിൽപ്പെട്ടവർ - 4.6 ലക്ഷം
ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ - 1.4 ലക്ഷം
താഴ്ന്ന വരുമാനക്കാർ - 2 ലക്ഷം
ഇടത്തരം വരുമാനക്കാർ - 1.5 ലക്ഷം
ഉയർന്ന വരുമാനക്കാർ - 0.5 ലക്ഷം

ഏകദേശം 5 ലക്ഷം വീടുകളാണ് 2007-2012ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

ഇനി എത്ര പേർക്കാണ് വീട് നിർമ്മിച്ച് നൽകാനുള്ളത് എന്നതു സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തുകളിലെ സമഗ്ര പഠനം വഴിയേ ലഭ്യമാകൂ.

ഡി) എത്ര വീടുകളുടെ നിർമ്മാണമാണ് ഇപ്പോൾ നടക്കുന്നത് :

ഡി) വിവിധ വകുപ്പുകൾ വഴിയും സർക്കാർ ഏജൻസികൾ വഴിയും 79162 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നതായി കണക്കാക്കുന്നു.

| | |
|---|---|
| ഇ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | ഇ) ഭവന നിർമ്മാണ വകുപ്പോ, വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം എന്നീ ഏജൻസികളോ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്നതിന് പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ റവന്യൂ വകുപ്പ് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ, നഗര വികസന കമ്മീഷണറേറ്റ്, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, എന്നിവ മുഖേന ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. |
| എഫ്) പുതിയതായി നിർമ്മിച്ചു നൽകുന്ന വീടുകളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പ് വരുത്താൻ സംവിധാനം ഏർപ്പെടുത്തുമോ ; | എഫ്) ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം, എന്നീ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന വീടുകൾ സ്പോൺസർമാരുടെ/ സാങ്കേതിക വിദഗ്ധ രുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിനാൽ വീടുകളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പ് വരുത്താൻ ശ്രദ്ധിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും നിർമ്മിക്കുന്ന വീടുകളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പ് വരുത്താൻ അവർ നടപടി എടുത്തുവരുന്നുണ്ട്. |
| ജി) ഭവന നിർമ്മാണ പദ്ധതികൾക്ക് കേന്ദ്ര സഹായം പ്രതീക്ഷി ക്കുന്നുണ്ടോ ? | ജി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 163 26.02. 2009 ന് മറുപടിക്ക്

**കേരളത്തിൽ ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. സാജു പോൾ<br>ശ്രീമതി. കെ.എസ്. സലീഖ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി) |
| (എ) വനമേഖലയുമായി ബന്ധപ്പെട്ട് പഠനത്തിനും ഗവേഷണത്തിനും പരിശീലനത്തിനും സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ വിശദമാക്കുമോ; | (എ) വനമേഖലയുമായി ബന്ധപ്പെട്ട പഠനത്തിനും, പരിശീലനത്തിനുമായി വാളയാർ, അരിപ്പ എന്നിവിടങ്ങളിൽ ഫോറസ്റ്റ് സ്കൂളുകളും, ഇൻസർവ്വീസ് പരിശീലനം നൽകുന്നതിന് അരിപ്പയിൽ ഫോറസ്ട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, തിരുവനന്തപുരം പി.ടി.പി. നഗറിൽ ഫോറസ്ട്രി ട്രെയിനിംഗ് സെൻററും പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ വനപ്രദേശങ്ങളിലും വന്യജീവി സങ്കേതങ്ങളിലും ഗവേഷണങ്ങൾ നടത്തുന്നത് പ്രധാനമായും താഴെ പറയുന്ന സ്ഥാപനങ്ങൾ ആണ്.<br>1. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി.<br>2. ട്രോപ്പിക്കൽ ബൊട്ടാനിക്ക് ഗാർഡൻ ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്.<br>3. സെൻറർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെൻറ് ആൻറ് മാനേജ്മെൻറ്.<br>4. സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്.<br>കൂടാതെ വനം വകുപ്പിൻെറ വർക്കിംഗ് പ്ലാൻ ആൻറ് റിസർച്ച് വിഭാഗവും പ്രായോഗിക തലത്തിലുള്ള ചില ഗവേഷണ പഠനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) കേരളത്തിൽ ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (സി) വനം വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിവിധ തലങ്ങളിലെ ഓഫീസർമാർക്ക് കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങളും കാലാനുസൃതമാറ്റവും ഉൾക്കൊണ്ട് കൊണ്ടുള്ള യോജിച്ച പരിശീലനം, വനം, പരിസ്ഥിതി എന്നിവയിൽ ശാസ്ത്രീയവും സാങ്കേതികവികസനപരവുമായ പരിശീലനം എന്നിവ നൽകുകയും ഇതോടൊപ്പം എല്ലാ തലത്തിലുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും വ്യക്തിത്വ വികസനം വളർത്തിയെടുക്കുകയുമാണ് ഫോറസ്റ്റ് അക്കാദമി വഴി ഉദ്ദേശിക്കുന്നത്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ഔട്ട് ഡോർ സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, കമ്പ്യൂട്ടർ സെന്റർ, ഡിസ്പെൻസറി, റിക്രിയേഷൻ റൂം എന്നിവ ഉൾപ്പെടുന്ന ഈ പദ്ധതിക്ക് ശമ്പളത്തിനും മറ്റ് ആവർത്തന ചിലവുകൾക്കുമായി 376.25 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 1372.5 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ഡി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. |
| (ഇ) സംസ്ഥാനത്ത് ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കുന്നതിന് ആവശ്യമായ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) ഇതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 164 — 26.02.2009-ൽ മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ കള്ളക്കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് : | | ശ്രീ. ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നിന്നും വന്യമൃഗങ്ങളെ ജീവനോടെയും അല്ലാതെയും കള്ളക്കടത്ത് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | കള്ളക്കടത്ത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വന്യമൃഗങ്ങളുടെ കള്ളക്കടത്ത് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുകയും, ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമ പ്രകാരം കുറ്റക്കാർക്കെതിരെ കേസ്സുകളെടുത്ത് ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് മൃഗവേട്ടയും, കള്ളക്കടത്തും തടയുന്നതിന് കർശനമായ പട്രോളിംഗും ആന്റി പോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. സംരക്ഷണവിഭാഗം ജീവനക്കാർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. |

വനാശ്രിത സമൂഹങ്ങൾ, തദ്ദേശവാസികൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവരുടെ സഹായത്തോടെ വേട്ടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്രകാരം വിവരം നൽകുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും, കുറ്റകൃത്യം കണ്ടെത്തുന്ന ജീവനക്കാർക്ക് പ്രശംസാ പത്രവും, ക്യാഷ് അവാർഡും നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അന്യസംസ്ഥാനങ്ങളോട് ചേർന്നുള്ള വന മേഖലകളിൽ സംയുക്ത പട്രോളിംഗ് നടത്തുകയും കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ കൈമാറുകയും ചെയ്യുന്നുണ്ട്. കൂടാതെ, വാർത്താവിനിമയ സംവിധാനങ്ങൾ ശക്തിപ്പെടുത്തി മൃഗവേട്ടയും കള്ളക്കടത്തും പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 165.   26-02-2009-ൽ മറുപടിക്ക്

### " സംസ്ഥാന ഭൂവിനിയോഗബോർഡിന്റെ പ്രവർത്തനങ്ങൾ "

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ് :-<br>• നിലവിലുള്ള ഭൂവിഭവങ്ങളെയും ഭൂവിനിയോഗത്തെയും സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ ശേഖരിക്കുക.<br>• ശരിയായ ഭൂവിനിയോഗത്തെക്കുറിച്ചും, ഭൂമിയുടെ ഉല്പാദനക്ഷമതയും ഗുണമേന്മയും കുറയുന്നതിനെക്കുറിച്ചും, ഭൂവിഭവസംരക്ഷണമാർഗ്ഗങ്ങളെക്കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ ഏറ്റെടുക്കുക.<br>• ഭൂവിനിയോഗ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ശാസ്ത്രീയ ഉപദേശം നൽകുകയും ചെയ്യുക.<br>• ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും, വികസനത്തിനും, പരിപാലനത്തിനും, ദീർഘവീക്ഷണത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>• ഭൂവിഭവ പരിപാലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക. |
| (ബി) കേന്ദ്ര സഹായത്തോടെ ബോർഡ് നടത്തുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര സഹായത്തോടെ 'ഭൂവിനിയോഗ ബോർഡിന്റെ ശാക്തീകരണം' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ ഉദ്യോഗസ്ഥരുടെ ശമ്പളം, അടിസ്ഥാന സൗകര്യ വികസനം, ഭൂവിനിയോഗവുമായി ബന്ധപ്പെട്ട പഠനങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് സഹായം ലഭിക്കുന്നത്. |

(സി) പഞ്ചായത്തുതലവിഭവഭൂപട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഇതിനകം എത്ര പഞ്ചായത്തുകളുടെ ഭൂപടം തയ്യാറായിട്ടുണ്ട് ;

(സി) ഇല്ല. സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ നിയന്ത്രണത്തിൽ, സംസ്ഥാനത്ത് 724 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് ഏജൻസികൾ മുഖാന്തിരം 168 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പഞ്ചായത്ത് വിഭവ ഭൂപടം തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനായി ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

(ഡി) പ്രകൃതി വിഭവ സംരക്ഷണത്തിനായി പ്രധാനമായും ബോധവത്ക്കരണ പ്രവർത്തനങ്ങളും പഠനങ്ങളുമാണ് നടത്തി വരുന്നത്. പ്രകൃതി വിഭവ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രകൃതി വിഭവ സംരക്ഷണ അവാർഡുകൾ നൽകുന്നു. പുതു തലമുറയെ പങ്കെടുപ്പിച്ചുകൊണ്ട് പ്രകൃതി വിഭവ സംരക്ഷണത്തിന് ഊന്നൽ നൽകി വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കായി ഉപന്യാസം, ചിത്രരചന, ക്വിസ് തുടങ്ങിയ മത്സരങ്ങളും ഇതിന്റെ ഭാഗമായി നടത്തിവരുന്നു. ജനപ്രതിനിധികൾക്കും വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും സന്നദ്ധ സംഘടനാ പ്രവർത്തകർക്കും ഈ രംഗത്തെ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുന്നു. 'വിഭവ കേരളം' എന്ന പേരിൽ ത്രൈമാസ വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 166

26/02/2009 - ൽ മറുപടിക്ക്.

## ജലപാതകളുടെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.ബാബു പോൾ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.പി.തിലോത്തമൻ | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലപാതകളുടെ വികസനത്തിനു വേണ്ടി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | : | (എ) ഉണ്ട്. സംസ്ഥാന ജലപാത വികസിപ്പിക്കുന്നതിന് 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 225 കോടി രൂപയുടെ വിവിധ പദ്ധതികൾ മാസ്റ്റർ പ്ലാൻ പ്രകാരം 2006-10 വർഷങ്ങളിലായി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കോവളം മുതൽ കൊല്ലം വരെയും (74കി.മീ.) കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള(348കി.മീ.)താണ് സംസ്ഥാന ജലപാത. കൊല്ലം മുതൽ കോട്ടപ്പുറം വരെ ദേശീയ ജലപാതയാണ്. ഇപ്പോൾ കനാലിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളും മറ്റും നീക്കി ആവശ്യമായ ആഴവും വീതിയും വരുത്തക്കവണ്ണം ഇരു കരകളിലും ആവശ്യമുള്ള സ്ഥലങ്ങളിൽ ഭിത്തികെട്ടി സംരക്ഷിച്ചും ജലപാത നവീകരിക്കുകയാണ് പ്രധാന പണികൾ. |
| (ബി) ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലപാതകൾ എന്തെല്ലാമാണ് എന്നും ; ഈ പദ്ധതിയുടെ അടങ്കൽ എത്രയാണെന്നും വ്യക്തമാക്കുമോ ; | : | (ബി) 12-ാം ധനകാര്യ കമ്മീഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജലപാതകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>(1) കൊല്ലം - കോവളം<br>(2) പൊന്നാനി - കൊച്ചി<br>(3) തിരൂർ - കല്ലായി<br>(4) ബേപ്പൂർ - കല്ലായി<br>(5) കല്ലായി - എരഞ്ഞിക്കൽ<br>(6) സുൽത്താൻ കനാൽ<br>(7) കൊറ്റി - കോട്ടപ്പുറം<br><br>ഇവ കൂടാതെ താഴെപ്പറയുന്ന ഉപകനാലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>(1) കട്ടച്ചിറ നദി<br>(2) മടയൻ തോട്<br>(3) കുമ്പളത്തകരി ഫീഡർ കനാൽ<br>(4) വെട്ടിക്കാട് - മീഞ്ചിറ കനാൽ<br>(5) ചെത്തിപ്പുഴ കനാൽ |

(6) ഷൺമുഖം കനാൽ
(7) കണ്ണംകുരുടി തോട്
(8) കരിയാർ
(9) പൂച്ചാക്കൽ തോട്
(10) കുറപ്പുന്തറ മാർക്കറ്റ് കനാൽ
(11) കോട്ടൂർ നദി
(12) പുത്തൻ തോട്
(13) ലാപ്പ്ളം കനാൽ
(14) ചെങ്ങലംചൂലഭാഗം താലൂതോട് കനാൽ

ഈ പദ്ധതികൾക്കായി 204.23 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| (സി) ജലപാതകളുടെ വികസനത്തിന് പുനരധിവാസം ആവശ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പുനരധിവാസ നടപടികൾ ഏത് അവസ്ഥയിലാണെന്നു വെളിപ്പെടുത്തുമോ ; | : | (സി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ യഥാക്രമം ഏകദേശം 1800, 900, 200, 1820 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായിട്ടുണ്ട്. കൂടാതെ കോഴിക്കോട് മലപ്പുറം എന്നിവിടങ്ങളിലെ കനാൽ വീതിയും ആഴവും കൂട്ടുന്ന പണികൾ നടപ്പിലാക്കാൻ വേണ്ടി അതിർത്തിക്കല്ലുകൾ പുന:സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. പൊന്നാനി പട്ടണത്തിൽ കനാലിന് നിശ്ചിത വീതി ഇല്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിർത്തിക്കല്ലുകൾ പുന:സ്ഥാപിച്ചു വന്നപ്പോൾ പുനരധിവാസവും ആവശ്യമായി കാണുന്നു. ഇവരുടെ പുനരധിവാസം റവന്യൂ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) കൊല്ലം-കോവളം ജലപാതയുടെ വികസനത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും, ഈ പാതയുടെ വികസനം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | : | (ഡി) കൊല്ലം-കോവളം ജലപാതയുടെ വികസനത്തിനായി 98.38 കോടി രൂപയാണ് 12-ാം ധനകാര്യ കമ്മീഷൻ ഉൾപ്പെടുത്തിയിരിക്കുന്നത്. 2010-മാർച്ച് മാസത്തോടുകൂടി ജലപാത ഗതാഗതത്തിന് തുറന്നു കൊടുക്കത്തക്ക വിധത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 16"  26.02.2009-ൽ മറുപടിക്ക്.

## ഭരണ പരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ ( മുഖ്യമന്ത്രി) |

എ) പുതുതായി സമർപ്പിച്ച ഭരണ പരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്

എ) 26.6.1997-ൽ ശ്രീ.ഇ.കെ.നായനാർ ചെയർമാനായി രൂപീകരിച്ച ഭരണ പരിഷ്കാര കമ്മിറ്റി, 15 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

ഒന്നാമത്തെ റിപ്പോർട്ടിലെ ശുപാർശകൾ

1. പൗരാവകാശ പത്രിക (സിറ്റിസൺ ചാർട്ടർ)
2. സുതാര്യതയും അറിയുവാനുള്ളഅവകാശവും
3. പൊതുജനപരാതിപരിഹാരം
4. അധികാരവികേന്ദ്രീകരണവും ഭരണപരിഷ്കാരവും
5. മോണിറ്ററിംഗ്

രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം

മൂന്നാമത് റിപ്പോർട്ടി ലെ ശുപാർശകൾ

1. ധനപരമായ പരിഷ്കാരങ്ങൾ

2. ഭരണവകുപ്പിൻെറയും വകുപ്പദ്ധ്യക്ഷന്മാരുടെയുംഅധികാരം വർദ്ധിപ്പിക്കുക.

3. സാംപത്തിക നിയന്ത്രണം ഏകീകരിക്കുക

<u>നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാനനിർണ്ണയം
3. അച്ചടക്കം

<u>അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ലാൻറ് റവന്യു, ലാൻറ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വെ ആൻറ് ലാൻറ് റിക്കാർഡ്സ്, സിവിൽ സപ്ളൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ.

<u>ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ട കാര്യങ്ങളും- നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്.

<u>ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോകമ്മീഷൻ രൂപീകരിക്കുക.

<u>എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പട്ടികജാതി/പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ ഭരണ പരിഷ്കാരങ്ങൾ

<u>ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഉദ്യോഗസ്ഥതല പരിഷ്കാരങ്ങൾ

<u>പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പൊതുമരാമത്ത് പ്രവർത്തനത്തിൻെറ നവീകരണം

പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം

പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

ആരോഗ്യമേഖലയിലെ വികസനം

പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ.

അധികാരവികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവല്ലരണം

പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

സെക്രട്ടേറിയറ്റ് പരിഷ്കാരം

പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ നവീകരണം

| | | | |
|---|---|---|---|
| ബി) | പ്രസ്തുത റിപ്പോർട്ടിൻമേൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഇതിൽ പതിനൊന്ന് റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു .ബാക്കിയുള്ള നാല് റിപ്പോർട്ടുകളിലെ ശുപാർശകൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നു. |
| സി) | റിപ്പോർട്ട് നിർദ്ദേശിക്കും പ്രകാരം വിവിധ തസ്തികകളുടെ എണ്ണം കുറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | സി) | ഇപ്പോൾ പരിഗണനയിലില്ല |
| ഡി) | വില്ലേജ് ഓഫീസുമുതൽ സെക്രട്ടേറിയറ്റ് വരെയുള്ള ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ | ഡി) | ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിനും വേണ്ടി വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പൗരാവകാശ പത്രിക, |

| | |
|---|---|
| ഉപകാര പ്രദമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | വിവരങ്ങൾ അറിയാനുള്ള അവകാശം, പരാതിപരിഹാര സംവിധാനം, അന്വേഷണ കൗണ്ടർ, ഹാജർ നില നിരീക്ഷിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 166

26.2.2009 ൽ
മറുപടിക്ക്

## മണ്ണെണ്ണ അലോട്ട്മെൻറ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. എം.ചന്ദ്രൻ ;<br>ശ്രീമതി. പി.അയിഷാപോറ്റി ;<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ;<br>പ്രൊഫ. സി.രവീന്ദ്രനാഥ് | ശ്രീ. സി. ദിവാകരൻ<br>(ബഹു; ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) റേഷൻ കടകളിലൂടെ വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ് വ്യക്തമാക്കുമോ; | എ) വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ് ചുവടെ ചേർക്കുന്നു.<br>1. ഇ കാർഡിന് 2 ലിറ്റർ വീതം<br>2. എൻ. ഇ കാർഡിന് 5 ലിറ്റർ വീതം<br>3. പാചകാവശ്യ മണ്ണെണ്ണ പെർമിറ്റിന് 6 ലിറ്റർ വീതം<br>4. മത്സ്യബന്ധനത്തിന് എഞ്ചിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ 10 എച്ച്.പി വരെ 129ലിറ്ററും 10 എച്ച്.പിയ്ക്കും 15 എച്ച്.പി യ്ക്കും മദ്ധ്യേയുള്ളവയ്ക്ക് 135ലിറ്ററും 15 എച്ച്.പി യ്ക്ക് മുകളിലുള്ളവയ്ക്ക് 179ലിറ്റർ വീതവും വിതരണം നടത്തി വരുന്നു.<br>5. കാർഷികാവശ്യത്തിനുള്ള പെർമിറ്റിന് - ജനുവരി മുതൽ മെയ് മാസം വരെയുള്ള മാസങ്ങളിൽ കൃഷി വകുപ്പിൽ നിന്നുള്ള ശുപാർശയനുസരിച്ച് കാർഷികാവശ്യത്തിന് ആവശ്യമായ മണ്ണെണ്ണ വിതരണം നടത്തുന്നു.<br>6. സ്ഥാപനങ്ങൾക്കുള്ള പെർമിറ്റ് അർഹരായ സ്ഥാപനങ്ങൾക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമായി മണ്ണെണ്ണ വിതരണം നടത്തുന്നു. |
| ബി) 2000-01ൽ ലഭിച്ച മണ്ണെണ്ണയുടെ അലോട്ട്മെന്റും ഇപ്പോഴത്തെ അലോട്ട്മെന്റും എത്ര വീതമാണ്; | ബി) 2000-2001 വർഷത്തിലെ മണ്ണെണ്ണയുടെ അലോട്ട്മെന്റ് പ്രതിമാസം ശരാശരി 33120 കിലോ ലിറ്ററാണ്.<br>2008-2009 വർഷത്തിലെ മണ്ണെണ്ണയുടെ അലോട്ട്മെന്റ് പ്രതിമാസം 23172 കിലോ ലിറ്ററാണ്. |

സി) വിവിധ വിഭാഗങ്ങൾക്ക് പ്രതിമാസം ആവശ്യമായ മണ്ണെണ്ണയുടെ അളവ് എത്രയാണ്;

സി) വിവിധ വിഭാഗങ്ങൾക്ക് പ്രതിമാസം ആവശ്യമുള്ള മണ്ണെണ്ണയുടെ അളവ് ചുവടെ ചേർക്കുന്നു.

ഇ കാർഡ് - 11344 കിലോ ലിറ്റർ

എൻ. ഇ കാർഡ് - 6807 കിലോ ലിറ്റർ

പാചകാവശ്യ മണ്ണെണ്ണ പെർമിറ്റ് - 3020 കിലോ ലിറ്റർ

മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റ് - 2532 കിലോ ലിറ്റർ

കാർഷികാവശ്യ മണ്ണെണ്ണ പെർമിറ്റ് (ജനുവരി മുതൽ മെയ് വരെ 5 മാസത്തേയ്ക്ക്) - 386 കിലോ ലിറ്റർ

എസ്റ്റാബ്ലിഷ്മെന്റ് മണ്ണെണ്ണ പെർമിറ്റുകൾ -122 കിലോ ലിറ്റർ

ആകെ ആവശ്യകത - 24211 കിലോ ലിറ്റർ

ഡി) മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യമായ മണ്ണെണ്ണ പ്രത്യേകമായി കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടോ ;

ഡി) മത്സ്യബന്ധന ബോട്ടുകൾക്ക് നൽകാൻ പ്രത്യേക മണ്ണെണ്ണ ലഭിക്കുന്നില്ല.

ഇ) മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിച്ചു കിട്ടുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചു കിട്ടുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ;

ഇ) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയത്തിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി കേന്ദ്ര പെട്രോളിയം മന്ത്രിയെ നേരിൽ കണ്ട് ചർച്ച നടത്തുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

എഫ്) റേഷൻ കടകളിലെയും ഓപ്പൺ മാർക്കറ്റിലെയും മണ്ണെണ്ണയുടെ വില എപ്രകാരമാണ് ?

എഫ്) റേഷൻ ഡിപ്പോകളിൽ മണ്ണെണ്ണ 9.36 മുതൽ 9.70 രൂപ വരെ വില ഈടാക്കി വരുന്നു. (മേൽ പറഞ്ഞ തുകയിലെ വ്യത്യാസം ട്രാൻസ്പോർട്ടേഷൻ ചാർജിൽ വരുന്നതാണ്). ഓപ്പൺ മാർക്കറ്റിൽ മണ്ണെണ്ണ വിതരണം നിലവിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ*169

26/02/2009ന് മറുപടിക്ക്

# മലയാളം മിഷൻ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്ക്കാരം പരിചയിക്കുന്നതിനുമായി ഔദ്യോഗിക ഭാഷാ വകുപ്പിന്റെ കീഴിൽ മലയാളം മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) 24/6/2008 ലെ സർക്കാർ ഉത്തരവ്(അച്ചടിച്ചത്)നം.7/2008/ഉ.ഭ.പ.വ പ്രകാരം മലയാളം മിഷൻ രൂപീകരിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും അതുപ്രകാരം 19/01/2009 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.01/09/ ഉ.ഭ.പ.വ പ്രകാരം സർക്കാർ മലയാളം മിഷൻ(കേരള) സംഘം രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആയത് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) | പ്രൊഫ.ഒ.എൻ.വി.കുറുപ്പ് ചെയർമാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മലയാളം മിഷൻ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നത്; വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികളുടെകുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽവിദേശരാജ്യങ്ങളിലും മലയാളം മിഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | മലയാളം മിഷൻ(കേരള) സംഘം കേരളത്തിലാണ് സ്ഥാപിക്കുന്നത്.വിദേശരാജ്യങ്ങളിൽ മലയാളം മിഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ ഭാരതത്തിലേയും വിദേശത്തേയും പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളം മിഷന്റെ സേവനം ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ താല്പര്യം. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

# മലയാളം മിഷൻ റിപ്പോർട്ട്

# 2008

മറുനാടൻ മലയാളികളുടെ കുട്ടികളെ മലയാള ഭാഷയും കേരള സംസ്കാരവും പഠിപ്പിക്കുന്നതിന് കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളം മിഷൻ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊഫ.ഒ.എൻ.വി.കുറുപ്പ്, ചെയർമാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ.

1. ലോകത്തിൽ മലയാളികൾ ഉള്ളിടത്തെല്ലാം മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മലയാളം മിഷന്റെ വികസന സാധ്യത അനന്തമാണ്.

2. മലയാളം സർട്ടിഫിക്കറ്റ്കോഴ്സ്, മലയാളം ഡിപ്ലോമ കോഴ്സ്, മലയാളം ഹയർ ഡിപ്ലോമ കോഴ്സ് എന്നിങ്ങനെ ഓരോ വർഷം വീതം ദൈർഘ്യമുള്ള മൂന്നു കോഴ്സുകൾ തുടക്കത്തിൽ ആരംഭിക്കാവുന്നതാണ്. അവശ്യം പ്രതി പുതിയ കോഴ്സുകളും പാഠ്യപധതിയും പുസ്തകങ്ങളും തയ്യാറാക്കാവുന്നതാണ്.

3. കേരളത്തിനു പുറത്തുള്ള ഒരു കോടിയോളം വരുന്ന മലയാളികളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് പുരോഗമിക്കുന്ന ഭാഷാ-സംസ്കാര പഠനപധതിയാണിത്. പാഠ്യപദ്ധതി, പുസ്തകം,

പഠന സാമഗ്രികൾ എന്നിവ സർക്കാർ നൽകുന്നു. സർക്കാർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണംചെയ്യുന്നതാണ്.

4. ഹയർ ഡിപ്ലോമ പാസാകുന്ന വിദ്യാർത്ഥികൾക്ക് കേരള സന്ദർശനത്തിനുള്ള സൗകര്യം ഒരുക്കും.

5. ഭാഷയുടെ സംയോജകശക്തി പ്രയോജനപ്പെടുത്തി, ബഹുജന പങ്കാളിത്തം ഉറപ്പാക്കി, ലോകത്തെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും, അവരിൽ 'നമ്മളൊന്ന് ' എന്നബോധം ഉളവാക്കാനും മലയാള ഭാഷയുടെ സമഗ്ര വികസനത്തിന് അവരുടെ സഹായം നേടാനും 'മലയാളം മിഷൻ' കൊണ്ടു സാധിക്കും. കേരള സർക്കാർ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ചെയ്യുന്ന മഹത്തായ ഒരു സേവനമാകും 'മലയാളം മിഷൻ'

6. മലയാളം മിഷന്റെ ഭരണ സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്. ബഹു:മുഖ്യമന്ത്രി (അധ്യക്ഷൻ), ഔദ്യോഗിക ഭാഷാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ഉപാധ്യക്ഷൻ), ഡയറക്ടർ (കൺവീനർ), ധനകാര്യം, പൊതുവിദ്യാഭ്യാസം, നോർക്ക എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, മൂന്നു ഭാഷാവിദഗ്ധർ (അനൗദ്യോഗികാംഗങ്ങൾ) എന്നിവരടങ്ങിയ ഭരണസമിതി, മിഷന്റെ നയപരിപാടികൾക്കു രൂപവും പ്രവർത്തനങ്ങൾക്കു നേതൃത്വവും നൽകും. (24.6.08-ലെ സ.ഉ.(അച്ചടിച്ചത്)നം:07/08/ഉഭപവ പ്രകാരം ഭാഷാവിദഗ്ധരുടെ എണ്ണം അഞ്ചാക്കി ഉയർത്തിയിട്ടുണ്ട്.)

7. മലയാളം മിഷൻ ഓഫീസിന് പ്രാരംഭഘട്ടത്തിൽ താഴെച്ചേർക്കുന്ന ലളിതമായ സംവിധാനം മതിയാകും. ഡയറക്ടർ,രജിസ്ട്രാർ, സി.എ.(2), അസിസ്റ്റന്റ് എന്നിങ്ങനെ അഞ്ചു തസ്തികകൾ മാത്രം. ഓഫീസ് പ്രവർത്തനത്തിന്, മലയാളംമിഷൻ സ്വയം പര്യാപ്തത കൈവരിക്കുന്നതു

സെക്രട്ടറി

വരെ നിയമസഭാ സെക്രട്ടേറിയറ്റിൽ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ രണ്ടെണ്ണം മിഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് വിട്ടുകൊടുക്കാവുന്നതാണ്.

8. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് ഒരു സ്വയംഭരണ സ്ഥാപനമായി മിഷൻ പ്രവർത്തിക്കേണ്ടതാണ്. രജിസ്റ്റർ, ചെയ്യുന്നതിനാവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് എന്നിവ വിദഗ്ധസമിതി തയ്യാറാക്കിയിട്ടുണ്ട്.

9. ഇപ്പോൾ ഡൽഹിയിലുള്ള മലയാള ഭാഷ പഠന കേന്ദ്രങ്ങൾക്കുവേണ്ടി അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ, സ്റ്റോക്കു തീരുന്നതുവരെ, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ പ്രത്യേകം അനുബന്ധമായി നൽകി ഉപയോഗിക്കേണ്ടതാണ്. പുതിയ പതിപ്പുകൾ പരിഷ്കരിച്ച് അച്ചടിക്കേണ്ടതാണ്.

10. പ്രവാസി മലയാളികളുടെ മൂന്നാം തലമുറയിലെ കുട്ടികളുടെയിടയിൽ എന്ന പോലെ, കേരളത്തിലുള്ള കുട്ടികളുടെ ഇടയിലും മാതൃഭാഷാ, നിരക്ഷരത വളർന്നു, വരുന്നു എന്നതും സാഹചര്യം ഉണ്ടായിട്ടും മാതൃഭാഷാ നിരക്ഷരത ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു എന്നതും മനസ്സിലാക്കി, അതിന്റെ കാരണങ്ങൾ ആരാഞ്ഞ് അടിയന്തിരമായി പരിഹാരം കണ്ടെത്തുന്നതിനും മിഷൻ ചുമതലപ്പെട്ടിരിക്കുന്നു.

11. മാതൃഭാഷാപഠനം ഊർജസ്വലമാക്കുന്നതിന് സർക്കാർ മൂന്നു കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം.

1) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിൽത്തന്നെ വേണ്ടതാണ്.

സെക്രട്ടറി ജനറൽ

2) നേഴ്സറി ക്ലാസുകളിൽ മലയാളത്തിൽ മാത്രമേ പഠനം നടത്താവൂ. ഇംഗ്ലീഷ് മാധ്യമമായുള്ള പ്രൈമറി സ്കൂളുകളിൽ ആഴ്ചയിൽ രണ്ടു പീരിയഡു എങ്കിലും മാതൃഭാഷപഠനത്തിനും നീക്കിവയ്ക്കണം. ഇവിടെ വർഷാന്ത്യപരീക്ഷയിൽ മാതൃഭാഷയ്ക്ക് ഒരു പരീക്ഷ ഉണ്ടായിരിക്കേണ്ടതും കുട്ടികളുടെ ക്ലാസ്സുകയറ്റത്തിന് അതിലെ വിജയം നിർബന്ധമാക്കേണ്ടതുമാണ്.

12. മലയാളമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി തുടക്കത്തിൽ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തേണ്ടതുമാണ്.

13. മലയാളം മിഷൻ, മന്ത്രിസഭയുടെ അംഗീകാരത്തോടെ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യുന്നതിനും ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിനും ചെന്നൈയിലും മുംബൈയിലും മലയാളഭാഷാപഠനകേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് മിഷന്റെ ഉദ്ഘാടനം നിർവഹിക്കുന്നതിനും കഴിയത്തക്കവിധത്തിൽ സത്വരമായി തീരുമാനവും നടപടികളും ഉണ്ടാകണമെന്ന് വിദഗ്ധസമിതി അഭ്യർത്ഥിച്ചു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 170

26-02-2009-ൽ മറുപടിയ്ക്ക്

കേരള ലീഗൽ മെട്രോളജി വകുപ്പിന്റെ വികസനത്തിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കേരള ലീഗൽ മെട്രോളജി വകുപ്പിന്റെ സമഗ്ര വികസനത്തിനും വിപുലീകരണത്തിനുമായി ആവിഷ്ക്കരിച്ച കർമ്മ പദ്ധതികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;<br><br>(ബി) ഈ ലക്ഷ്യം മുൻനിർത്തി എന്തെങ്കിലും പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ; | (എ) യും (ബി) യും | കേരള ലീഗൽ മെട്രോളജി വകുപ്പിന്റെ സമഗ്ര വികസനത്തിനും വിപുലീകരണത്തിനുമായി ആധുനിക ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങുക, ലബോറട്ടറികൾ ആധുനിക വൽക്കരിക്കുക, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലാപ്ടോപ്പ് നൽകുക, ഫ്യൂവൽ ഡിസ്പെൻസേഴ്സ് പരിശോധിക്കുന്നതിനായി മൊബൈൽ വെരിഫിക്കേഷൻ കിറ്റ് ലഭ്യമാക്കുക, വകുപ്പിന്റെ കീഴിലുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ബി.ഐ.എസ്സ് (BIS) റഫറൽ അസ്സേയിംഗ് സെന്ററായി ഉയർത്തുക തുടങ്ങിയ കർമ്മപദ്ധതികൾ തയ്യാറാക്കി പ്രൊപ്പോസലുകൾ ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ബി.ഐ.എസ്സ് (BIS) റഫറൽ അസ്സേയിംഗ് സെന്ററായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 15-01-2009 -നും മറ്റുള്ളവയ്ക്കുള്ള പ്രൊപ്പോസലുകൾ 30-12-2008 നുമാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സഹായത്തിന് സമർപ്പിച്ച പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ നല്കുമോ ? | (സി) | ലീഗൽ മെട്രോളജി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 33.19 കോടി രൂപയുടേയും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലാപ്‌ടോപ്പ് വാങ്ങുന്നതിനായി 84.18 ലക്ഷം രൂപയുടേയും മൊബൈൽ വെരിഫിക്കേഷൻ കിറ്റ് ലഭ്യമാക്കുന്നതിനായി 3.15 കോടി രൂപയുടേയും ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ബി.ഐ.എസ്സ് (BIS) റഫറൽ അസ്സെയിംഗ് സെന്ററായി ഉയർത്തുന്നതിനായി 40 ലക്ഷം രൂപയുടേയും പ്രൊപ്പോസലുകളാണ് ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 171

26-02-2009-ൽ മറുപടിയ്ക്ക്

ഉപഭോക്തൃ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീമതി കെ.കെ.ലതിക
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. സി.എച്ച്.കുഞ്ഞമ്പു
ശ്രീ. എ.എം.ആരിഫ്
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

(എ) ഉപഭോക്തൃ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) ഉപഭോക്തൃ താല്പര്യ സംരക്ഷണാർത്ഥം ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും പരാതികൾക്ക് പരിപരിഹാരം കാണുന്നതിനുമായി ഒരു ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ സംസ്ഥാന കമ്മീഷനും ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള വ്യക്തിയുടെ നേതൃത്വത്തിൽ 14 ജില്ലാ ഫോറങ്ങളും രൂപീകരിച്ച് തർക്ക പരിഹാര ഫോറങ്ങളെ ശക്തിപ്പെടുത്തുകയും ഒഴിഞ്ഞുകിടന്നിരുന്ന എല്ലാ പ്രധാന പോസ്റ്റുകളും നികത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലകളിലും കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ് എന്നീ വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ മിന്നൽ പരിശോധനകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നു. അതോടൊപ്പം സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100

| | | |
|---|---|---|
| | | സ്കൂളുകളിൽ കൺസ്യൂമർ ക്ളബുകൾ സ്ഥാപിക്കുകയും അവയ്ക്ക് 10,00,000/- രൂപ ധനസഹായം നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ കൺസ്യൂമർ റിഡ്രസൽ കമ്മീഷന്റെ സർക്യൂട്ട് ബെഞ്ച് സിറ്റിംഗ് കൊച്ചിയിൽ മാർച്ച് മാസം നടത്തുന്നതാണ്. |
| (ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ഫോറങ്ങളിലും ഉണ്ടായിരുന്ന ഒഴിവുകൾ നികത്തി ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അടിസ്ഥാന സൗകര്യ വികസനത്തിനായി ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫർണിച്ചറുകൾ എന്നിവ നൽകുകയും പരാതികളുടെ തൽസ്ഥിതി നേരിട്ടറിയുന്നതിന് വേണ്ടി കമ്മീഷനേയും ഫോറങ്ങളേയും നെറ്റ്വർക്ക് വഴി ബന്ധിപ്പിക്കുന്ന കൺഫോണറ്റ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത ജില്ലാ ഫോറങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ; | (സി) | സംസ്ഥാന കമ്മീഷനിൽ 2920 കേസ്സുകളും എല്ലാ ജില്ലാ ഫോറങ്ങളിലുമായി 8786 കേസ്സുകളും ഇപ്പോൾ നിലവിലുണ്ട്. |
| (ഡി) കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | നിയമാനുസൃതമായി കാലതാമസം കൂടാതെ കേസ്സുകൾ തീർപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. |
| (ഇ) സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ എന്ന് പ്രവർത്തനം ആരംഭിക്കും ; ഇതുമൂലം | (ഇ) | സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേറ്റ് |

| | |
|---|---|
| ഉപഭോക്താവിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ? | കൺസ്യൂമർ ഹെൽപ്പ് ലൈൻ വഴി ഉപഭോക്താവിന് സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ടെലിഫോൺ, ഇ-മെയിൽ എന്നിവയിലൂടെ തങ്ങളുടെ ഉപഭോക്തൃ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപദേശവും പരിഹാരവും തേടാവുന്നതാണ്. കോടതികൾ മുഖേനയല്ലാതെ ഉപഭോക്തൃ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. കൂടാതെ പ്രാദേശിക ഭാഷയിലും ഉപഭോക്തൃ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നതിനാൽ സാധാരണ ജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 172 — 26-02-2009 ൽ മറുപടിക്ക്

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.എ.പ്രദീപ്കുമാർ :<br>ശ്രീ.പി.ടി.എ.റഹീം :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ). 137 ഏക്കർ ഭൂമി സൗജന്യമായി സർക്കാർ ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യക്ക് നൽകുന്നമുറയ്ക്ക് പുതിയ ടെർമിനൽ കെട്ടിടത്തിനും അഡീഷണൽ എയർ ക്രാഫ്റ്റ് പാർക്കിംഗ് സ്റ്റാൻഡ്, കാർ പാർക്കിംഗ് സൗകര്യം എന്നിവയ്ക്കായി 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി). വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്തു നൽകിയിട്ടുണ്ടോ ; | (ബി). സ്ഥലം എടുപ്പ് നടപടികൾ നടന്നുവരുന്നു. |
| (സി). ആഭ്യന്തര ടെർമിനലിന്റെ നവീകരണം പൂർത്തിയായിട്ടുണ്ടോ ; | (സി). ഉണ്ട്. ഫെബ്രുവരി 2008-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (ഡി). ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത് ; | (ഡി). ഒരു ആഴ്ചയിൽ 350 ഷെഡ്യൂളുകൾ ആണ് ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ഇ). കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കൂടുതൽ ആഭ്യന്തര, അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തുമോ ? | (ഇ). ഇക്കാര്യം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 173. | 26.2.2009 ൽ മറുപടിയ്ക്ക്

സൈബർ സിറ്റികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.സി.രാമൻ;<br>ശ്രീ.പി.കെ.അബ്ദുറബ്ബ് ;<br>ശ്രീ.എം.ഉമ്മർ; | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ഈ വർഷം സൈബർ സിറ്റികൾ സ്ഥാപിക്കാൻ ഏതെല്ലാം ജില്ലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; | എ) ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും സർക്കാർ മുൻകൈ എടുത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുണ്ടറ, ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം, കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട്, പന്തീരങ്കാവ്, തൃശൂർ ജില്ലയിലെ കൊരട്ടി എന്നീ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ പാർക്ക് ടെക്നോപാർക്ക് എന്ന പേരിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല എന്നിവിടങ്ങളിലെ പാർക്കുകളും തൃശൂർ ജില്ലയിലെ പാർക്കും ഇൻഫോപാർക്ക് എന്ന പേരിലും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പാർക്കുകൾ സൈബർപാർക്കുകൾ എന്ന പേരിലുമാണ് ആരംഭിക്കുന്നത്. സൈബർസിറ്റികൾ എന്ന പേരിൽ ജില്ലാ ഐ.ടി. പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | ഇതിന്റെ പണി എവിടെയെല്ലാം ആരംഭിച്ചുവെന്നും പ്രസ്തുത പണികൾ എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ ; | ബി) & സി) | മേൽപ്പറഞ്ഞ ജില്ലാതല ഐ.ടി. പാർക്കുകളുടെ പണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. ഈ പാർക്കുകൾ പൂർത്തിയാകുമ്പോൾ ഏകദേശം എഴുപതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. |
| സി) | ഇതിന്റെ ഫലമായി എത്രപേർക്കു തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ – 174 26 – 02 – 2009 ൽ മറുപടിക്ക്

നോർക്കയുടെ പ്രവർത്തനങ്ങളും പ്രവാസി മലയാളി തിരിച്ചറിയൽ കാർഡും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീ. വി. ജെ. തങ്കപ്പൻ : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) നോർക്ക - റൂട്ട്സ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) നോർക്കാ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക – റൂട്ട്സ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>▪ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>▪ വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നത്<br>▪ വിദേശങ്ങളിൽ പീഡനമനുഭവിക്കുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്<br>▪ അംഗീകൃത വിദേശ റിക്രൂട്ട്മെന്റ് ഏജന്റ്<br>▪ പ്രവാസി കേരളീയർക്ക് തിരിച്ചറിയൽ കാർഡ്<br>▪ സാന്ത്വന പദ്ധതിയുടെ നടത്തിപ്പ്<br>▪ നിർദ്ധനരായ പ്രവാസികൾക്ക് നോർക്ക-റൂട്ട്സ് ചെയർമാൻ ഫണ്ട്<br>▪ വിദേശ ഉദ്യോഗാർത്ഥികൾക്കായി ട്രെയിനിംഗ് പ്രോഗ്രാമും ഏകദിന ശില്പശാലകളും |

| | |
|---|---|
| (ബി) പ്രവാസി മലയാളികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതി പ്രകാരം ഇതിനകം എത്ര കാർഡുകൾ വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ ; | (ബി) പ്രവാസി മലയാളികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതി പ്രകാരം ഇതിനകം 21,165 കാർഡുകൾ വിതരണം ചെയ്തു. |
| (സി) തിരിച്ചറിയൽ കാർഡ് പദ്ധതിയിൽ പരമാവധി ആളുകൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ; | (സി) തിരിച്ചറിയൽ കാർഡ് പദ്ധതിയിൽ പരമാവധി ആളുകൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) തിരിച്ചറിയൽ കാർഡ് കൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണ് ; | (ഡി) പ്രവാസികൾക്ക് അപകടം മൂലമുണ്ടാകുന്ന മരണം, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം എന്നിവ ഉണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷുറൻസ് തുക ലഭിക്കുന്നതാണ്. പ്രവാസി മരണപ്പെട്ടാൽ ഈ തുക അനന്തരാവകാശിക്ക് ലഭിക്കുന്നതാണ്. ഒപ്പം തിരഞ്ഞെടുക്കപ്പെട്ട വാണിജ്യ വ്യാപാര സ്ഥാപനങ്ങളിൽ നിശ്ചിതശതമാനം വിലക്കിഴിവ്, തെരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങൾക്ക്/സേവനങ്ങൾക്ക് ലഭിക്കുന്നതാണ്. |
| (ഇ) നാട്ടിൽ തിരിച്ചെത്തി കഷ്ടതയനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഇ) വിദേശത്ത് നിന്ന് തിരിച്ചെത്തി കഷ്ടതയനുഭവിക്കുന്ന പ്രവാസികൾക്കായി സാന്ത്വനപദ്ധതിയിൽ നിന്നും, നോർക്കാ-റൂട്ട്സിന്റെ ചെയർമാൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 175 | 26.02.2009-ൽ മറുപടിയ്ക്ക്

# ആനകളോടുള്ള ക്രൂരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. ജോസഫ് എം.പുതുശ്ശേരി : | ശ്രീ. ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഉത്സവ സീസണിൽ വിവിധ സ്ഥലങ്ങളിൽ ആന ഇടഞ്ഞതുമൂലം ഉണ്ടായ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) 2008 ഉത്സവ സീസണിൽ കേരളത്തിൽ ആനയിടഞ്ഞ 21 സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി അറിവ് ലഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 4; കൊല്ലം -3; ആലപ്പുഴ - 3; കോട്ടയം - 2; ഇടുക്കി - 2; എറണാകുളം - 2; തൃശൂർ - 3, പാലക്കാട് - 2.<br>ഇത്തരം സംഭവങ്ങളിൽ അന്വേഷണം നടത്തി 2007, 2008 എന്നീ വർഷങ്ങളിൽ നാട്ടാനകൾക്കു നേരെയുണ്ടായ പീഡനങ്ങൾ സംബന്ധിച്ച് 13 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നത്തിന്റെ അടിയന്തിര പ്രാധാന്യവും ഗുരുതരാവസ്ഥയും പരിഗണിച്ച് ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി ഉന്നതതല യോഗം ചേരുകയും ചർച്ച നടത്തുകയുമുണ്ടായി. ആന ഉടമസ്ഥർ, ദേവസ്വം പ്രതിനിധികൾ, ആനക്ഷേമ പ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ, ആനപരിപാലനത്തിൽ വിദഗ്ദ്ധരായ മൃഗഡോക്ടർമാർ, വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവരുമായി കൂടിയാലോചിച്ച് ഇത്തരം അനിഷ്ടസംഭവങ്ങൾ കുറച്ചുകൊണ്ടു |

| | | | |
|---|---|---|---|
| | | | വരുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഈ അനിഷ്ട സംഭവങ്ങളെ തുടർന്ന് എത്ര പേർ മരണപ്പെട്ടു ; | (സി) | 2008 ഉത്സവ സീസണിൽ പാപ്പാന്മാരും പൊതുജനങ്ങളുമായി 11 പേർ ആനയിടഞ്ഞുണ്ടായ അനിഷ്ട സംഭവങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ഡി) | നാട്ടാന പരിപാലനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (ഡി) | നാട്ടാന പരിപാലന ചട്ടം സംബന്ധിച്ച നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി എം.എൽ.എമാർ, ആന ഉടമസ്ഥർ, ആന പാപ്പാന്മാർ, ആനക്ഷേമ പ്രവർത്തകർ, ദേവസ്വം ബോർഡിന്റെ പ്രതിനിധികൾ, റവന്യൂ, പോലീസ്, മൃഗസംരക്ഷണം, മോട്ടോർ വാഹനം, വനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചകൾ നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ വിശദമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഉത്സവ സംഘാടകർ, ആന ഉടമസ്ഥർ, ആന പരിപാലകർ എന്നിവരെ ബോധവത്ക്കരിക്കുന്നതിനും പൊതുജന ശ്രദ്ധ ആകർഷിക്കുന്നതിനുമായി പത്രക്കുറിപ്പുകൾ നൽകി വരുന്നു. ആന പരിപാലനത്തിൽ പാപ്പാന്മാർക്ക് വിദഗ്ദ്ധവും ശാസ്ത്രീയവുമായ പരിശീലനം നൽകി വരുന്നു. നാട്ടാനകൾക്ക് മൈക്രോ ചിപ്പ് ഘടിപ്പിക്കുന്നതും, രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. ആന പാപ്പാന്മാർക്ക് ഇൻഷ്വറൻസും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഇ) | ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കുന്നതിനും ജനങ്ങളെ അപകടങ്ങളിൽനിന്ന് രക്ഷിക്കുന്നതിനും കർശന നടപടി സ്വീകരിക്കുമോ? | (ഇ) | ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കുന്നതിനും ജനങ്ങളെ അപകടങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.176 26.02.2009- ൽ മറുപടിയ്ക്ക്

## കന്നുകാലി യൂണിറ്റുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്ത് കന്നുകാലി യൂണിറ്റുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. പശു, ആട്, എരുമ, കോഴി. ടർക്കി, താറാവ് എന്നിവയുടെ വിതരണത്തിലൂടെ സംസ്ഥാനത്തെ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 25 കോടി രൂപാ ചെലവിൽ ഒരു ' സംയോജിത കന്നുകാലി വികസന പദ്ധതി ' നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിൽ 10 കോടി രൂപ സർക്കാർ ആനുകൂല്യമാണ്. 6860 കർഷക കുടുംബങ്ങൾ ഈ പദ്ധതിയിൽ പങ്കാളികളാകും. ഓരോ കുടുംബത്തിനും 14,000 കൂടുതൽ രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ കർഷകർക്ക് വിതരണം ചെയ്യുക, മൃഗ സംരക്ഷണ മേഖലയിൽ ദീർഘമായ പരിചയ സമ്പത്തുള്ളവരെ സംഘടിപ്പിക്കുകയും അവരെ പ്രസ്തുത മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുകയും ചെയ്യുക, സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക. തീറ്റപ്പുൽകൃഷി പ്രോൽസാഹിപ്പിക്കുക എന്നിവയും നിർദ്ദിഷ്ട പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. |

—

| | | | |
|---|---|---|---|
| (ബി) | ഒരു യൂണിറ്റിൽ ഏതെല്ലാം കന്നുകാലികൾ ഉണ്ടാകും എന്നും ഇവയ്ക്ക് കർഷകൻ എത്ര രൂപ നൽകണമെന്നും അറിയിക്കുമോ; | (ബി) | താഴെപ്പറയുന്ന മൂന്നു ഉപപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>പദ്ധതി-1: ഒരു പശു, രണ്ട് ആട്, പത്ത് കോഴിക്കുഞ്ഞുങ്ങൾ + പുൽകൃഷി ആകെ 36615/- രൂപ ഇതിൽ 14646/- രൂപ സബ്സിഡി .<br>പദ്ധതി-2: ഒരു എരുമ, പത്ത് താറാവ് കുഞ്ഞുങ്ങൾ+ പുൽകൃഷി.<br>ആകെ 35370/- രൂപ ഇതിൽ 14148/- രൂപ സബ്സിഡി .<br>പദ്ധതി-3: ഒരു എരുമ, രണ്ട് ടർക്കി പത്ത് കോഴിക്കുഞ്ഞുങ്ങൾ + പുൽകൃഷി- ആകെ 35570/- രൂപ ഇതിൽ 14228 രൂപ സബ്സിഡി.<br>സബ്സിഡി കഴിച്ച് ബാക്കിത്തുക കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (സി) | ഗുണഭോക്താക്കൾ ഒന്നോ, രണ്ടോ പശുക്കൾ സ്വന്തമായി ഉള്ളവരും , പുൽകൃഷിക്കു പറ്റിയ 25 സെൻറ് ഭൂമിയെങ്കിലും സ്വന്തമായോ പാട്ടത്തിലോ ഉള്ളവരും , സംഘമായി പ്രവർത്തിക്കുന്നതിൽ താൽപ്പര്യമുള്ളവരുമായിരിക്കണം. ഗുണഭോക്താക്കളിൽ സ്ത്രീകളുടെയും പട്ടികജാതി വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കണം |
| (ഡി) | കർഷകർക്ക് മൃഗസംരക്ഷണവകുപ്പ് എന്തെല്ലാം സഹായങ്ങൾ ചെയ്യും എന്ന് അറിയിക്കുമോ? | (ഡി) | ഈ പദ്ധതിയിലുൾപ്പെട്ട കന്നുകാലികളുടെ ചികിൽസയും ഇൻഷ്വറൻസും സൗജന്യമായിരിക്കും. ധനകാര്യസ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുന്നതാണ് |

Omanakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 177

26.02.09-ൽ
മറുപടിക്ക്

റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾ

ചോദ്യം

ശ്രീ. പി.സി. ജോർജ്

(എ) കേരളത്തിലെ പല കുടുംബങ്ങൾക്കും നാളിതുവരെയായി റേഷൻ കാർഡുകൾ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡുകൾ ഇല്ലാത്തവർക്ക് ആയത് കൊടുക്കാനുള്ള അപേക്ഷ സ്വീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ) യും (ബി)യും

റേഷൻ കാർഡുകൾ സറണ്ടർ ചെയ്തു വരുന്നവർക്കും സംസ്ഥാനത്തൊരു കാർഡിലും പേര് ഉൾപ്പെടാത്തവർക്കും ഇപ്പോൾ പുതിയ കാർഡുകൾ വിതരണം ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.178 26.02.2009- ൽ മറുപടിയ്ക്ക്

<u>കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ:പി.കെ. അബ്ദുറബ്ബ്:<br>ശ്രീ. യു.സി. രാമൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്ത് ഗുണമേന്മയുള്ളതും കാലാവസ്ഥയ്ക്കു അനുയോജ്യവുമായ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; | (എ) സംസ്ഥാനത്ത് ഗുണമേന്മയുള്ളതും കാലാവസ്ഥയ്ക്കനുയോജ്യവുമായ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് താഴെ പ്പറയുന്ന നടപടികൾസ്വീകരിച്ചു വരുന്നു.<br>2008-ൽ പരിഷ്ക്കരിച്ച് നടപ്പിലാക്കിയ കന്നുകാലി പ്രജനന നയം (Breeding Policy)അനുസരിച്ചുള്ള കന്നുകാലിപ്രജനനപ്രവർത്തനങ്ങൾ, അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ചയിനം കറവപ്പശുക്കളെ കൊണ്ടുവരൽ, കന്നുകാലികളുടെ ആരോഗ്യസംരക്ഷണം, പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കൽ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, ഹൈടെക്ക് ഡയറി ഫാമുകൾ സ്ഥാപിക്കൽ, കന്നുകുട്ടി പരിപാലന പദ്ധതി, കന്നുകാലി ഫാമുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിച്ച് കാലി സമ്പത്ത് വർദ്ധിപ്പിക്കൽ മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് മൃഗാശുപത്രികളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) എറണാകുളം, ഇടുക്കി എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ രോഗനിർണ്ണയം സുഗമമാക്കുന്നതിന്റെ ഭാഗമായി വീഡിയോ എൻഡോസ്കോപ്പ് |

| | | |
|---|---|---|
| | | സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിൽ ഒരു അൾട്രാ സൗണ്ട് സ്ക്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി, കോട്ടയം, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ നവീകരിക്കുന്നതിൻെറ ഭാഗമായി 25 ലക്ഷം രൂപ ചെലവിൽ നൂതന രോഗനിർണ്ണയ ഉപകരണങ്ങളും ചികിൽസാ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. മേഖലാ രോഗനിർണ്ണയ ലബോറട്ടറികൾ നവീകരിക്കുന്നതിനായി 10 ലക്ഷം രൂപ ചെലവഴിച്ച് ഉപകരണങ്ങളും മറ്റ് അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിലുള്ള ഏതെല്ലാം സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ മൃഗാശുപത്രികൾ നവീകരിക്കുന്നതിനായി മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മൃഗാശുപത്രികളുടെ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. 2008-09 സാമ്പത്തിക വർഷം 1332.5 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 850 ലക്ഷം രൂപ അത്യാഹിത മരുന്നുകൾ വാങ്ങുന്നതിനും 97.00 ലക്ഷം രൂപ രോഗനിർണ്ണയ ലാബുകൾ ശക്തിപ്പെടുത്തുന്നതിനും 25 ലക്ഷം രൂപ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ജില്ലാ റഫറൽ യൂണിറ്റുകളായി ശക്തിപ്പെടുത്തുന്നതിനും, 14ലക്ഷം രൂപ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള ചെലവിനായും, 30 ലക്ഷം രൂപ സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ |

മൃഗാശുപത്രികൾ പണിയുന്നതിന് ധന സഹായം നൽകുന്നതിനുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൻ പ്രകാരം പാലോട് മുഖ്യരോഗാന്വേഷണലബോറട്ടറി, തിരുവല്ലയിലെ പക്ഷി രോഗ നിർണ്ണയ ലബോറട്ടറി, മേഖലാ ലബോറട്ടറികൾ എന്നിവ ശക്തിപ്പെടുത്തി വരുന്നു. ഇടുക്കി, എറണാകുളം, വയനാട്, കോട്ടയം എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്തു. 10 മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നടപടിയായി. 57.5 ലക്ഷം രൂപ ചെലവഴിച്ച് 50,000 കാഫ്- കെയർ കിറ്റുകളും 22.5 ലക്ഷം രൂപ വിനിയോഗിച്ച് 30,000 അകിടുവീക്ക രോഗ നിയന്ത്രണ കിററുകളും തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുണ്ട്. 17.5 ലക്ഷം രൂപ വിനിയോഗിച്ച് 500 വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. ആശുപത്രികളിലെ ആവശ്യത്തിലേയ്ക്ക് അത്യാവശ്യ ഔഷധങ്ങൾവാങ്ങി സ്റ്റോക്കു ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ടചോദ്യം നം. 179 26.02.2009 ൽ മറുപടിക്ക്

### പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹിദ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കിക്കിട്ടുന്നതിന് തമിഴ് നാട് നടത്തിയ നീക്കങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കണമെന്ന് തമിഴ് നാട് സർക്കാർ നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി (NWDA) യുടെ ഗവേണിംഗ് ബോഡി വാർഷിക ജനറൽ,ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗുകളിൽ ആവശ്യപ്പെടുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ പ്രധാനമന്ത്രി ഇടപെടണമെന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി, പ്രധാന മന്ത്രിയ്ക്ക് കത്തയച്ചു. ഇക്കാര്യത്തെപ്പറ്റി അഭിപ്രായയൈക്യം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് 22.6.07 ൽ തമിഴ് നാട് സെക്രട്ടറി കേന്ദ്ര ജലവിഭവ സെക്രട്ടറിയ്ക്ക് കത്തയച്ചു. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ചർച്ചയ്ക്ക് തുടക്കം കുറിക്കണമെന്ന് ആവശ്യപ്പെട്ട് 30.6.07 ൽ തമിഴ്നാട് ജലവിഭവവകുപ്പു മന്ത്രി, കേരളജലവിഭവ വകുപ്പു മന്ത്രിയ്ക്ക് കത്തയച്ചു. നദീ സംയോജന പദ്ധതിയുമായി |

ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിലുള്ള WP 512/02 എന്ന കേസിൽ തമിഴ് നാട് അച്ചൻ-കോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇത് തടയുന്നതിന് സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) 1992 മുതൽ നടന്നുവരുന്ന നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ വാർഷിക, ഗവേണിംഗ് ടെക്നിക്കൽ അഡൈ്വസറി കമ്മിറ്റി യോഗങ്ങളിൽ സംബന്ധിച്ച് ജലവിഭവ വകുപ്പു മന്ത്രി, സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ, കേരളത്തിന്റെ മറ്റു പ്രതിനിധികൾ എല്ലാവരും യാതൊരു കാരണവശാലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. CWRDM കോഴിക്കോടിന്റെ പഠന റിപ്പോർട്ട് പ്രകാരം പമ്പയിലും അച്ചൻകോവിൽ നദിയിലും അധിക ജലമില്ലെന്നും 2051 ഓടെ ഈ നദികളിൽ രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന അവസ്ഥയുണ്ടാകുമെന്നും കേരളം NWDA യോഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള കേരളത്തിന്റെ എതിർപ്പ് കേന്ദ്ര ജലവിഭവ വകുപ്പു സെക്രട്ടറി, പ്രധാനമന്ത്രി എന്നിവരെ അറിയിച്ചിട്ടുണ്ട്. 17/9/01 ൽ തിരുവനന്തപുരത്തു വച്ചു നടന്ന പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി കേരളത്തിനുണ്ടാകുന്ന നഷ്ടങ്ങളും ദോഷങ്ങളും വിശദീകരിച്ചിട്ടുണ്ട്.

കേരളത്തിന്റെ താൽപര്യ-ങ്ങൾക്ക് തീർത്തും ഹാനികരമായ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 6/8/2003 ൽ കേരള നിയമസഭ പ്രമേയം പാസാക്കി. കേരളത്തിന്റെ ജലവിഭവ വകുപ്പു മന്ത്രിയും എം.പി. മാരും 21/08/2003 ൽ പദ്ധതി ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യ-പ്പെട്ടിട്ടുണ്ട്. NWDA യും കേരള സർക്കാരും കൂടി പമ്പ-അച്ചൻ-കോവിൽ വേമ്പനാട് വെറ്റ് ലാൻഡ് സിസ്റ്റത്തെപ്പറ്റി സംയുക്ത പഠനം നടത്തുന്ന-തിൽ കേരളത്തിന് താൽപര്യ-മില്ലെന്നറിയിച്ചിട്ടുണ്ട്. 4/07/07, 9/7/2008 തീയതികളിൽ നടന്ന NWDAയുടെ വാർഷിക ജനറൽ മീറ്റിംഗുകളിൽ പങ്കെടുത്ത് പമ്പ-അച്ചൻകോവിൽ നദി-കളിൽ അധിക ജലമില്ലെന്ന് പ്രസ്താവിച്ചുകൊണ്ട് പദ്ധതിയെ സംബന്ധിച്ച പൂർണ്ണമായ വിയോജിപ്പ് ബഹു. ജലവിഭവ വകുപ്പു മന്ത്രി അറിയിച്ചിട്ടുണ്ട്. 9/01/2008 ൽ നടന്ന NWDA യുടെ 51 ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ കേരള-ത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതി ആരംഭിക്കുകയില്ലെന്ന് ഉറപ്പു തന്നിട്ടുണ്ട്.

നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട് സുപ്രീംകോട-തിയിൽ നിലവിലുള്ള കേസിൽ ഒരു Counter affidavit ഫയൽ ചെയ്യുകയും കേരളത്തിനു-വേണ്ടി ഹാജരാകുന്നതിന് പുതുതായി സുപ്രീം കോടതിയിലെ പ്രമുഖ സീനിയർ അഭിഭാഷ-കരായ അഡ്വ.ഹരീഷ് സൽവേ, അഡ്വ. മോഹൻ ചട്ടർക്കി,

അഡ്വ. ജി. പ്രകാശ് എന്നിവരെ നിയമിച്ചുകൊണ്ട് 9/2/2009 ൽ ഉത്തരവ് പുറപ്പെടുവിച്ചു.

| | |
|---|---|
| സി) നദീജലം ഭരണഘടനയുടെ ഏഴാം പട്ടികയിലെ സമവർത്തി ലിസ്റ്റിൽപ്പെടുത്തുവാൻ നീക്കം നടക്കുന്നതായി അറിവുണ്ടോ; | സി) ഇല്ല. |
| ഡി) എങ്കിൽ അതിനെ എപ്രകാരമാണ് ഫലപ്രദമായി തടയുന്നതെന്നറിയിക്കാമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 180 — 26-02-2009-ന് മറുപടി നൽകേണ്ടത്.

**പി.എസ്.സി.യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ വഴിയല്ലാത്ത നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| എ). ഗവൺമെന്റ് വകുപ്പുകളിലും നിയമനം പി.എസ്.സി.ക്ക് വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള ഒഴിവുകളിൽ വകുപ്പുമേധാവികളും പൊതുമേഖലാ സ്ഥാപന മേധാവികളും ദിവസവേതനാടിസ്ഥാനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ നിയമനം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി). ഉണ്ടെങ്കിൽ സ്ഥിരം ഒഴിവുകളിൽ ഇത്തരം നിയമനം നടത്തുന്ന വകുപ്പു മേധാവികളിൽനിന്നും പിഴ ഈടാക്കുന്നത് ഉൾപ്പെടെ അച്ചടക്ക നടപടി എടുക്കുന്നതിന് വ്യവസ്ഥയുണ്ടാകുമോ ;<br><br>സി). ഈ വിധത്തിൽ നിയമനം നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി) യും ഉണ്ട്. ഇത്തരം നിയമനം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19-07-06-ലെ7300/ഉപ.സി3/2006/ഉഭപവ. സർക്കുലർപ്രകാരം പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ദിവസവേതനക്കാരെ പി.എസ്.സി. മുഖാന്തിരം ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് പിരിച്ചു വിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, പ്രൊമോഷൻ/ തസ്തിക സൃഷ്ടിക്കൽ / ഡെപ്യൂട്ടേഷൻ / ജോലിയിൽ പ്രവേശിക്കാത്തതുമൂലമുള്ള ഒഴിവ് മുതലായവമൂലം ഓരോ വർഷവുമുണ്ടാകാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കാക്കി അവ പി.എസ്.സി.ക്ക് എല്ലാ കലണ്ടർ വർഷവും ജൂൺ 30-ന് മുൻപ് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും പാലിക്കണമെന്നും ഇത് പാലിക്കാത്തത് ഗൗരവമായി കണക്കാക്കി നടപടി |

(.........2)

സ്വീകരിക്കുമെന്നുള്ള നിർദ്ദേശവും 2-2-07-ലെ 15244/ഉപ-സി3/06/ഉഭപവ, 9-11-07-ലെ 16164/ഉപ-സി3/07/ഉഭപവ, 2-6-08-ലെ 6686/ഉപ-സി3/2008/ഉഭപവ. സർക്കുലറുകൾ പ്രകാരം എല്ലാ നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പദ്ധ്യക്ഷന്മാരും ജില്ലാ കളക്ടർമാരും പൊതുമേഖലാ സ്ഥാപനമേധാവികളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ സർക്കാർ തുടർച്ചയായി വിശകലനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്